# പ്രഭാത നമസ്കാരം

## കൗമാ

## (ബ് എദോനൊ ദുസഫരോനൗദേവുനെസ്ഗുദ്ലെ)

പീഡാതാഴ്ചകളാൽ നമ്മെ-വീണ്ടോനാം
മശി-ഹായേ വാഴ്ത്തിനമിക്കാം-പുലർകാലെ +
(മൂന്നു തവണ)

## (ലൊക്മോർ തെശുബുഹത്തോ)

നാഥാ! തേ സ്തുതിയും മാനം തതന്നും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാകൾ കൃപ പാപികളാം ഞങ്ങളിലും,
മേലാമൂറിശലേം വാതിൽക്കള്ളിൽ നിൻ
സിംഹാസനമനയണമീ പ്രാർത്ഥന മശിഹാ!
സ്തോത്രം കർത്താവെ! സ്തോത്രം കർത്താവെ!
നിത്യം ശരണവുമെ! സ്തോത്രം-ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

## പ്രാരംഭ പ്രാർത്ഥന

## സങ്കീർത്തനം -51

ദൈവമെ നിന്റെ കൃപപോലെ എന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമേ.

എന്റെ അന്യായത്തിൽ നിന്നു എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്നും എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എനിക്കു എതിരായി ഇരിക്കുന്നു.

നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുൻപിൽ തിന്മകൾ ഞാൻ ചെയ്തു. എന്തെന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായ വിധികളിൽ നീ ജയിക്കുകയും ചെയ്യും. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉൽഭവിച്ചു, പാപങ്ങളിൽ എന്റെ മാതാവു എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാ കൊണ്ടു എന്റെമേൽ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമേ. ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവും കൊണ്ടു എന്നെ തൃപ്തിയാക്കണമേ. ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. ഏന്റെ പാപങ്ങളിൽ നിന്നു നിന്റെ തിരുമുഖം തിരിച്ചു എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമേ.

ദൈവമെ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള ആത്മാവിനെ എന്റെയുള്ളിൽ പുതുതാക്കണമേ. നിന്റെ തിരുമുൻപിൽ നിന്നു എന്നെ തള്ളിക്കളയരുതെ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്നു എടുക്കയുമരുതെ.

എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമേ. മഹത്വമുള്ള നിന്റെ ആത്മാവു എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമെ രക്തത്തിൽ നിന്നു എന്നെ രക്ഷിച്ചു കൊള്ളണമേ. എന്റെ നാവു നിന്റെ നീതിയേ സ്തുതിക്കും. കർത്താവെ! ഏന്റെ അധരങ്ങൾ  എനിക്കു തുറക്കണമേ. ഏന്റെ വായ്  നിന്റെ സ്തുതികൾ പാടും

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല ഹോമബലികളിൽ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല

നിന്റെ ഇഷ്ടത്താൽ സെഹിയോന്നോടു നന്മ ചെയ്യണമേ. യെറുശലേമിന്റെ മതിലുകൾ പണിയെണമേ. അപ്പോൾ നീതി -ബലികളും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകളെ (ബലിയായി) അർപ്പിക്കും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ, ശുബഹോ മെന ഓലം

## എനിയോനോ

## (ഹൊവ്ദഹവൊബുകരോ)

1. പാതകിപോൽ-ഞങ്ങളെ രക്ഷിപ്പാൻ
   ന്യായ-സ്ഥാനം പ്രാപിതനെ!
   ദേവാ ദയ ചെയ്തീടണമേ

2. ദാസൻ ത-ന്നടി കന്നത്തേറ്റു
   കന്മ-ഷദാസരെ വീണ്ടോനേ! ദേവാ
3. തലമേൽ കോൽ-കൊണ്ടടിയേറ്റിവർ തൻ
   പാപ- ച്ചീട്ടു പൊളിച്ചോനേ! ദേവാ
4. മന്നവരും-വിധിനാഥന്മാരും
   കൊല്ലാൻ-ചതിവാലാർന്നോനേ ദേവാ
5. നിർദോഷം-സകലവിധീശ്വരനെ
   ദോഷികളാൽ വിധിയേറ്റോനേ ദേവാ
   ബാറെക്മോർ, ശുബഹോ മെന ഓലം

6. നീതിജ്ഞാ!-പുണ്യനിധെ! സ്വഹിതാൽ
   ദ്രോഹി-കളാൽ വിധിയേറ്റോനേ ദേവാ
   കുറിയേലായിസ്സോൻ

## സങ്കീർത്തനം 63

എന്റെ ദൈവമെ! നീ എന്റെ ദൈവമാകുന്നു ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്ര-ഹിക്കുന്ന ഭൂമിപോലെ എന്റെ ആത്മാവു നിന്നേക്കുറിച്ചു ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും നിന്റെ ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായിട്ടു ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവു കൊഴുപ്പും മേദസ്സും കൊണ്ടെ-ന്നപോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾ കൊണ്ടു നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.

എന്റെ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറക്കപ്പെടും.

എന്റെ ആത്മാവു നിന്നെ പിന്തുടർന്നു. നിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിക്കുന്നവർ ഭൂമിയുടെ ആഴങ്ങളിലേക്കു പ്രവേശിക്കും.

അവർ വാളിനു ഏല്പിക്കപ്പെടുകയും കുറുനരികൾക്കു-ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും.

അവനെ കൊണ്ടു ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടക്കപ്പെടും.

ദൈവമെ സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ, ശുബഹോ മെന ഓലം

## ഗീതം
## (ഹൗധു ഉഹദോനോ)

1 ദേവേശാ! മശിഹാ-സ്വ-സ്നേഹത്താൽ
വിധി നിലയേ കന്നത്തടിയേ
റ്റടിമയിൽ നിന്നും വീണ്ടോനേ!
നിന്നെ-യാർ-ന്നേൻ, കൃപ ചെയ്കെന്മേൽ

2 ദേവേശാ! മശിഹാ! സ്ലീബായിന്മേൽ
ഞങ്ങടെ രക്ഷക്കായ് തൂങ്ങി
ജീവൻ മൃതിയാൽ തന്നോനേ!
നിന്നെ-യാർ-ന്നേൻ കൃപ ചെയ്കെന്മേൽ

3 ദേവേശാ! മശിഹാ! നിജവിനയത്താൽ
താണവർ ഞങ്ങളെയേറ്റിത്തൻ
പാടാൽ പീഢകൾ തീർത്തോനേ
നിന്നെ-യാർ-ന്നേൻ കൃപ ചെയ്കെന്മേൽ

4 ദേവേശാ! മശിഹാ! തിരുവിഷ്ടത്താൽ
സ്ലീബായും പീഡയുമേറ്റി-
ട്ടാദാമ്യരെ രക്ഷിച്ചോനേ
നിന്നെ-യാർ-ന്നേൻ കൃപ ചെയ്കെന്മേൽ

5 ദേവേശാ! മശിഹാ! പാപത്താൽ ദോഷം
തീണ്ടാത്തോരേകാ! സ്വഹിതാൽ
ദോഷികൾ ഞങ്ങളെ വീണ്ടിടുവാൻ
കുറ്റ-ത്തിൻ-വിധിയേറ്റോനേ
നിന്നെ-യാർ-ന്നേൻ കൃപ ചെയ്കെന്മേൽ
ബാറെക്മോർ, ശുബഹോ മെന ഓലം

6 ദേവേശാ! മശിഹാ! ഞങ്ങളെ രക്ഷിപ്പാൻ
കഷ്ടതയും കുരിശും പേറി
ക്നൂമായാലുയിർ തന്നോനേ
നിന്നെ-യാർ-ന്നേൻ കൃപ ചെയ്കെന്മേൽ
കുറിയേലായിസ്സോൻ

## സങ്കീർത്തനം-35

1 കർത്താവെ! എന്നോടു നീ ന്യായം നടത്തണമേ എന്നോടു പോരാടുന്നവരൊടു നീ പോരാടണമേ. ആയുധവും പരിചയും പിടിച്ചു എന്റെ സഹായത്തിനായി എഴുന്നേൽക്കണമേ.

ഇന്നാൾ നിന്നാൻ-മൗലിനമിച്ചാ-വിധിഗേഹത്തിൽ
സർവവിധീശ-വിധീ-ശൻ താൻ
പിഴയിൽനിന്നും നമ്മെ വിടുർത്താൻ മൽസരികളിൽ നി-
ന്നേറ്റാൻ ദുഷിപരിഹാ-സ-ങ്ങൾ
കുറിയേലായിസ്സോൻ

2 എന്റെ ആത്മാവിനെ അന്വേഷിക്കുന്നവർ ലജ്ജിച്ചുപോകട്ടെ. എനിക്കു വിരോധമായി തിന്മ വിചാരിക്കുന്നവർ പിന്തിരിഞ്ഞു നാണിച്ചുപോകട്ടെ.

ഇന്നാൾ വിധിപതി-പീലാത്തോസെ! യിവനെ ക്രൂശി-
ക്കെന്നാ യൂദന്മാ-രാ-ർത്തു.
ദ്രോഹികൾ ബാറാബായേ ചോദിച്ചുത്തമ സുതനെ
നിഹനിപ്പാൻ ക്രൂശിൽ-തൂ-ക്കി.
കുറിയേലായിസ്സോൻ

3 അവരുടെ വഴി ഇരുണ്ടുപോകട്ടെ. അതിൽ മാർഗ്ഗഭ്രംശം ഉണ്ടാകട്ടെ. ദൈവത്തിന്റെ ദൂതൻ അവരെ പിന്തുടരട്ടെ. എന്തെന്നാൽ അവർ എനിക്കായി കെണികൾ മറച്ചുവെക്കുകയും എന്റെ ആത്മാവിനുവേണ്ടി വലവിരിക്കുകയും ചെയ്തിരിക്കുന്നു.

ഇന്നാൾ തുപ്പലണിഞ്ഞാനേദൻ നാഥൻ പറുദീ-
സ്സാദാമിനു-വീണ്ടും--ന-ൽകാൻ.
നമ്മെ ദുഷ്കൃതദാസ്യം നീക്കിക്കാപ്പാൻ ദാസ
പ്രഹരത്തെ ക-ന്നത്തേ-റ്റാൻ. കുറിയേലായിസ്സോൻ

4 കള്ളസാക്ഷികളെഴുന്നേറ്റു ഞാനറിയാതിരുന്നതിനെ എന്നോടു ചോദിച്ചു. നന്മക്കു തിന്മ അവർ പ്രതിപകരം ചെയ്യുകയും, മനുഷ്യരുടെ ഇടയിൽ നിന്നും എന്റെ ജീവനെ അവർ നശിപ്പിക്കുകയും ചെയ്തു.

ഇന്നാൾ ശിഷ്യന്മാരുടെ കൂറു തണുത്തു പരക്കം
പാച്ചിലിനെ ശരണം-തേ-ടി
ക്രൂശകമദ്ധ്യേ സത്യത്തിൻ ഗുരുനാഥൻ തനിയേ
വ്യഥയും പീഢയുമേ-ൽക്കു-ന്നു കുറിയേലായിസ്സോൻ

5 എന്റെ സങ്കടത്തിൽ അവർ കൂട്ടം കൂടുകയും എനിക്കെതിരായി സന്തോഷിക്കുകയും ചെയ്തു. ദീർഘ കാലത്തേക്കു എനിക്കെതിരായി അവർ കൂട്ടംകൂടി. ഞാനോ അവരുടെ അഹങ്കാരം അറിഞ്ഞില്ലായിരുന്നു. അവർ ആക്ഷേപിച്ചുകൊണ്ടു എന്റെ നേരെ പല്ലു കടിക്കുകയും ചെയ്തു.

ഇന്നാൾ യൂദജനം വിളികൂട്ടി, പീലാത്തോസെ!
മൂശാതൻ നിയമത്തെ-യും
ശാബതിനെയുംജനത-തിയെയും തെറ്റിക്കുന്നോ
രീമാനുഷനെ ക്രൂശി-ക്ക കുറിയേലായിസ്സോൻ

## സങ്കീർത്തനം 59

1 എന്റെ ഹൃദയത്തിന്റെ തകർച്ചയേ നീ സൗഖ്യപ്പെടുത്തി
ശക്തീകരിക്കണമേ.

വിദ്വേഷികൾ ചെയ്തതെന്തെന്നു
കേൾക്കുവിനെല്ലാജാതികളും
സൃഷ്ടികൾ തന്നധിനായകനെ;
നിന്ദ്യ സ്ലീബാമേൽ തൂക്കി
വന്നിടുവിൻ-തന്നെ നമിച്ചീടാം കുറിയേലായിസ്സോൻ

2 അവരുടെ മേശ കെണിക്കായും അവരുടെ പ്രതികാരം വിരുദ്ധത്തിനായും
തീരട്ടെ.

ഭൂവാസികളെ ശ്രദ്ധിപ്പിൻ-കൊലയാളിയേ ദോഷികളേറ്റു
സൃഷ്ടിഗണത്തിന്നുടയോനേ
വൈരത്താൽ ക്രൂശിൽ തൂക്കി
വന്നിടുവിൻ-തന്നെ നമിച്ചീടാം കുറിയേലായിസ്സോൻ

3 കോപവും ക്രോധവും അവരുടെമേൽ ചൊരിയണമേ.

ചന്ദ്രാർക്കന്മാർ വാനത്തിൽ മങ്ങി, കേണു സൃഷ്ടികളും
സൃഷ്ടികൾ സൃഷ്ടാവോടൊപ്പം
ഖേദിച്ചീടുന്നതു യുക്തം
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

4 എന്തെന്നാൽ നീ ദണ്ഡിപ്പിച്ചവന്റെ പിന്നാലെ അവർ പോയിരിക്കുന്നു.

കൈപ്പേറിയതാം കാടിയവ-ന്നവരേകി ദാഹിച്ചപ്പോൾ
ലിഖിതം നിഖിലം നിറവായേ
ന്നോതീട്ടതുപാനം ചെയ്താൻ
വന്നിടുവിൻ തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

5 ജീവന്റെ പുസ്തകത്തിൽ നിന്നും അവർ മായിക്കപ്പെടട്ടെ. നിന്റെ
നീതിമാന്മാരൊടുകൂടി അവർ എഴുതപ്പെടാതിരിക്കട്ടെ.

തന്നെയെതിരേൽ-പ്പാനെത്തി-പരിശുദ്ധന്മാർ മൃതിഗതരും
സത്യം കർത്താവിവനാണെ-

ന്നുര ചെയ്താർ ജനത മദ്ധ്യേ
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

6 സ്തോത്രത്തോടെ ദൈവത്തിന്റെ നാമത്തെ ഞാൻ സ്തുതിക്കും
സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തുകയും ചെയ്യും.
മ്ലേച്ഛന്മാരാൽ ദൂഷിതമാമാലയമതിൽനിന്നും റൂഹാ
നീങ്ങിയതായ് താൻ ചീന്തിയതാം
തിരശീലയഹോ സാക്ഷിച്ചു
വന്നിടുവിൻ-തന്നെ നമിച്ചീടാം ബാറെക്മോർ, ശുബഹോ മെന
ഓലം

7 യൂദന്മാരെയോർത്തിടുവിൻ-തരുവിന്മീതെ തൂക്കി-യവൻ
ദൈവം, ദൈവതനൂജൻ താൻ
നിങ്ങളെ നിർമ്മൂലം നീക്കും
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

## സങ്കീർത്തനം 54

1 കർത്താവെ! നിന്റെ നാമത്താൽ എന്നെ നീ രക്ഷിച്ചുകൊള്ളണമേ.
എന്തുകൊണ്ടെന്നാൽ അന്യജാതിക്കാർ എനിക്കു വിരോധമായി
എഴുന്നേറ്റിരിക്കുന്നു
കഷ്ടതയാൽ-മരണനുകത്തെ-യഴിവാക്കി-
തനുവിൻ ത്യാഗത്താൽ;
ദുഷ്ടാത്മാക്കളെ ലജ്ജിപ്പിച്ചോരീശോ ധന്യൻ,
നിൻ ഹാശായിൽ-കഷ്ടതയാൽ പ്രഭനേടണമെങ്ങൾ
കുറിയേലായിസ്സോൻ

2. കർത്താവെ! നിന്റെ നാമത്തെ ഞാൻ സ്തോത്രം ചെയ്യും; എന്തെന്നാൽ
അതു നല്ലതാകുന്നു, സകല സങ്കടങ്ങളിൽ നിന്നും നീ എന്നെ
വിടുവിച്ചിരിക്കുന്നുവല്ലോ.
തിരു സഭയെ-പ്രതി കഷ്ടതയേ-റ്റടിയാരെ
തെറ്റിൽ നിന്നും വീണ്ടോനേ!

ദുർഭിന്നതയും കലഹവുമതിൽ നിന്നകലത്താ-
ക്കീട്ടന്ത്യം വരെ നിൻ-ശാന്തിയതിൻ സുതരിൽ മേവണമേ
കുറിയേലായിസ്സോൻ

3. അധർമ്മവും, കുരളയും, വഞ്ചനയും അതിന്റെ ഉള്ളിലുണ്ടു അതിന്റെ തെരുവുകളിൽനിന്നു പകയും വഞ്ചനയും, ഹന്നിക്കപ്പെടുന്നില്ല
വിധിനിലയെ-രക്ഷകനിന്നാൾ-പാതകിയെപ്പോൽ നി-ന്നെങ്ങൾക്കായ്
മൃതി കൈക്കൊണ്ടിഹ ശാശ്വത ജീവൻ നൽകിയനേരം സൃഷ്ടികളഖിലം-
വ്യസനം പൂണ്ടധികം വിലപിച്ചു കുറിയേലായിസ്സോൻ

4. എന്തുകൊണ്ടെന്നാൽ അവർ എന്നോടു ശണ്ഡ കൂടിയിരിക്കുന്നു. ദൈവം കേട്ടിട്ടു അവരെ താഴ്ത്തിക്കളയുമാറാകട്ടെ.
യൂദന്മാർ-ഗോഗുൽത്തമേൽ-രക്ഷകനെ-കുരിശിച്ചോരു നാളിൽ
അടിനിലയിടറി, കൂരിരുളേറി മൃതിഗതരിളകീ-സൃഷ്-
ടികളഖിലം-സങ്കടവും വ്യഥയും-പ്രാപിച്ചു കുറിയേലായിസ്സോൻ

## സങ്കീർത്തനം -22

1 എന്റെ ദൈവമെ! എന്റെ ദൈവമെ! നീ എന്നെ കൈവിട്ടതെന്തിനു!
ഭോഷത്വമായ എന്റെ വചനങ്ങൾ നിമിത്തമായി
എന്റെ രക്ഷ എന്നിൽനിന്നും അകറ്റിക്കളഞ്ഞതുമെന്തു?
ഇന്നാൾ സ്രാപ്പികൾ-കാദീശ്, കാദീശ്
എന്നേവം വാഴ്ത്തുന്നോനേ
തൂക്കുക, തൂക്കുക-യെന്നാർത്തു-കായാപ്പഗണം കുറിയേലായിസ്സോൻ

2 എന്റെ ദൈവമെ! പകൽ സമയത്തു ഞാൻ നിന്നെ വിളിക്കും. നീ എന്നോട് ഉത്തരമരുളുകയില്ല.
രാത്രിയിലും ഞാൻ നിന്നെ വിളിക്കും. നീ എന്നെ കാത്തുകൊള്ളുകയുമില്ല.
ഇന്നാൾ ക്രോബകൾ-മഹിതം ബഹുമതി
താവകമെന്നാർക്കുന്നോനേ
നീക്കുക, നീക്കുക-യെന്നുഴറി ശപ്ത ജനങ്ങൾ കുറിയേലായിസ്സോൻ

3 അവരുടെ അധരങ്ങൾകൊണ്ടു ഗോഷ്ടി കാണിക്കുകയും അവരുടെ
തലകൾ കുലുക്കുകയും ചെയ്തു.

ഇന്നാൾ അംബര-മാരാൽ നിറയു-
ന്നതു-ചെറുതാർ-ക്കായവനോടായ്
ചോദിച്ചാൻ നാ-ടേതെന്ന-നിന്ദ്യൻ-ഹാനാൻ  കുറിയേലായിസ്സോൻ

4 തനിക്കു അവനൊടു തിരുമനസ്സു തോന്നുന്നെങ്കിൽ അവനെ രക്ഷിക്കട്ടെ.

ഇന്നാൾ-പീലാത്തോസ്സൊടു ജനമാ
ർത്തീശോയെ-നിഹനിച്ചീടാൻ
"ബാറാബായെ-വിട്ടവനെ-തൂക്കുക-തരുവിൽ."  കുറിയേലായിസ്സോൻ

5 ബാശാൻ കൂറ്റന്മാർ എന്നെ വളഞ്ഞിരിക്കുന്നു.

ഇന്നാലാരുടെ-ബലമഹിമാവീ-
സൃഷ്ടികളെ ത്താങ്ങീടുന്നു
അവനെത്തരുവിൽ-കുരിശിച്ചാർ-ഗോഗുൽത്തായിൽ.
കുറിയേലായിസ്സോൻ

6. വെള്ളം പോലെ ഞാൻ തൂകപ്പെട്ടിരിക്കുന്നു.

ഇന്നാൾ മണ്ണാ-ലാദാമിനെ നി
ർമിച്ചോരാ-ത്തൃക്കൈത്തണ്ടിൽ
ആണി തറച്ചാർ-സ്കീപ്പാമേൽ-തരുവിന്മീതെ  കുറിയേലായിസ്സോൻ

7. എന്റെ കൈകളും കാലുകളും അവർ തുളച്ചിരിക്കുന്നു. എന്റെ
അസ്ഥികളൊക്കയും വിലപിച്ചു.

ഇന്നാളുടയോൻ-തരുവിന്മീതെ-
ദാഹത്താൽ-ജലമാരായ്കെ,
പാരാവാരം-കൂറ്റൻപോ-ലാരവമേറ്റി.  കുറിയേലായിസ്സോൻ

8. സിംഹത്തിന്റെ വായിൽനിന്നും എന്നെയും അഹങ്കാര
പ്രമത്തതയിൽനിന്നും എന്റെ താഴ്മയെയും രക്ഷിക്കണമേ.

ഇന്നാൾ ശാസ്ത്രി-പരീശന്മാരും
നിന്ദ്യന്മാർ-പട്ടക്കാരും

ധാർമികനെപ്രതി-സത്യം ചൊന്നില്ലുൾപകയാൽ

ബാറെക്‌മോർ, ശുബഹോ മെന ഓലം

ഇന്നാൾ ദുരിതം-സീയോനേ!

ദേവാത്മജനെ ക്രൂശിപ്പോളെ

സഭയേ! ഭാഗ്യം-നീയവനെ-കൊണ്ടാടുകയാൽ

സ്‌തൗമെൻ കാലൊസ്‌, കുറിയേലായിസ്സോൻ.

(പ്രൊമിയോൻ)

കോലോ

(കൂക്കോയോ)

1. വെള്ളിദിനത്തിന്നുദയത്തിൽ ജഗതീ-രക്ഷകനാം

ദേവാധിപനേക്കരിശിപ്പാ-നവരുൾ-സുകരായി.

പ്രകൃതി വിറച്ചു-ഭൂമിതലം ഞെട്ടി

പാറ തകർന്നു-കൊടുമുടികൾ പതറി

കബറുകൾ വിണ്ടു മൃതന്മാരും നിർഗ്ഗതരായെത്തി

നാഥാത്മജനെ ക്രൂശിച്ച-ശപ്‌തരെ നിന്ദിച്ചു.

ഹാലേലൂയ്യാ-ദുരിതമവർക്കെന്നും.

ബാറെക്‌മോർ, ശുബഹോ മെന ഓലം... ഹാലേലൂയ്യാ

2 ദൈവത്തിൻ ജീവാത്മജനാം ജഗതീപാലകനെ

ഗോഗുൽത്താമേൽ സ്‌കീപ്പായിൽ-ജനസം-ഘം തൂക്കി

കണ്ടകമകുടം തിരുമൗലിയിൽ വച്ചു

കൈകൾ തറച്ചി-ട്ടവർ പുളിവീഞ്ഞേകീ

ലിഖിതം പോലെ പിളർത്തി വിലാ-വയ്യോ കുന്തത്താൽ

ഗതി ലോകർക്കരുളും നീരും-നിണവും പ്രവഹിച്ചു.

ഹാലേലൂയ്യാ-തൻ കൃപ സംസ്‌തുത്യം. മൊറിയോറാഹേം

എത്രോ

## വീണ്ടും കോലോ

1. രാവിലെ നിന്നാൻ-സൃഷ്ടികളെ വിധി ചെയ്യുന്നോൻ വിധിയിൻ
നിലയത്തിൽ
ചോദ്യം ചെയ്താനീറയർ തൻ-പതിയൊടു ദാസൻ
സ്തുതിയാദമിന്നവകാശം-നൽകാനേവം കഷ്ടപ്പെട്ടോനേ.
ബാറെക്മോർ, ശുബഹോ... മെന ഓലം

2. മയ്യലിലുടയോ-നേറ്റാൻ വിധി
പീലാത്തോസ്സാൽ-മരണാർഹനു തുല്യം
തൂക്കുക തൂക്കുക നസറായൻ-യേശുവിനെ നീ-
നീക്കിടുക, ബാറാബായേ മോചിപ്പിക്കുക
യെ-ന്നാർത്തു യൂദർ.

## ( അല്ലെങ്കിൽ )

1. സൃഷ്ടികളെ വിധിക്കുന്ന ന്യായാധിപൻ പ്രഭാതത്തിൽ ന്യായസ്ഥലത്തു നിന്നു. ഈറേന്മാരുടെ നാഥൻ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടു. ആദാമിനെ അവന്റെ അവകാശത്തിലേക്കു തിരിക്കുവാൻ ഇവയെല്ലാം സഹിച്ച തനിക്കു സ്തുതി.

ബാറെക്മോർ, ശുബഹോ മെന ഓലം

2. പ്രഭാതത്തിൽ മരണയോഗ്യനെപ്പോലെ കർത്താവു പീലാത്തോസ്സിനാൽ വിധിക്കപ്പെട്ടു. നസ്രായക്കാരനായ യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക, ബാറാബായിയേ വിട്ടുതരിക എന്നു യെഹൂദ ജനം അട്ടഹസിച്ചു.

## ബൊതെദ് ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഢാ
താഴ്ചകളേറ്റം ധന്യം നാഥാ

1. മുഴുരാ-വവനെ-വൈദിക സംഘം

ശോധിച്ചുദയെ-പീലാത്തോസ്സിൻ
മുൻപിൽ ചേർത്താൻ-തൻവിധി കേൾപ്പാൻ
ഹാ!-യേശുവിനെ നിഹനിച്ചീ-ടാൻ
ജനമൊന്നാകെ-ഘോഷിച്ചാർത്തു.

2. പാവന രക്തം-ചിന്താതവനെ
ക്രൂശകരീന്നും-മോചിച്ചീ-ടാൻ
ആൾവിട്ടോതി-ഗൂഢം ഭാര്യ
ആകാഞ്ഞതിനാൽ-ക്രൂശകരൊപ്പം
വിധിയേൽക്കായ്വാൻ-കഴുകിയവൻ കൈ

3. മരണാർഹൻ താ-നിവനെന്നൊപ്പം
പീലാത്തോസ്സോ-ടാർത്താൻ ഹസ്തം
ശോഷിച്ചോനും-രോഗാർത്തർക്കും
ശാബതുനാളിൽ-ശാന്തികൊടുത്താൻ
മരണത്തിനിവൻ-യോഗ്യൻ നൂനം.

4. ദൈവാത്മജനെ-ന്നെണ്ണുന്നോനേ
തൂക്കുക തൂക്കെ-ന്നാർത്താരേറ്റം
സ്തുത്യ ഫലത്തെ-യാരാഞ്ഞാർന്നോ-
രവകാശമെഴും-താതാത്മജനെ-
യവരന്ധതയാൽ-ദർശിച്ചില്ല.

നിൻവിധി-ചെയ്തോർ വിധിയേ-ൽക്കുമ്പോൾ
വിധിചെയ്യരുതെ ഞങ്ങളെയീശാ. മൊറിയോ റാഹെം

## മാർ അപ്രേം

ഞങ്ങൾക്കായുളവായൊരു നിൻ-
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ-

നേടണമവകാശം-രാജ്യേ
ദേവാ-ദയയുണ്ടാ-കേണം
നാഥാ-കൃപതോന്നണമൻപാൽ

1 തിരുനിണവില നിപതിച്ചതിനാൽ
പരിശുദ്ധാഗാരം ഞെട്ടി
തൽ ശുശ്രൂഷ സമാപിപ്പാൻ-
അവസരമായെന്നതു കണ്ടു
വൈദിക പദവീ ഭ്രംശത്താൽ
പൂജകരെ പ്രതി വിലപിച്ചു
ശാശ്വത ശൂന്യത വന്നതിനാൽ
ബലി കേഴാനാരംഭിച്ചു
യേശുവിനെ പ്രതി ജനമാർത്തു
പീലാത്തോസ് കൈകൾ കഴുകീ
തൻ രക്തം സന്തതിനിരയിൽ
പിന്തലമുറകളിലേക്കേറ്റാൻ-. ദേവാ ദയ

2 ഉദയേ ശോഭന വസനത്താൽ
വാനത്തെ നീ ചമയിച്ചു
ഉദയേ വൈരിജനം നിന്നെ
നിന്ദാ വസ്ത്രമുടുപ്പിച്ചു
മഹിതം ബഹുമതി താവകമെ
ന്നുദയേ ക്രോബകളാർക്കുമ്പോൾ
അഗ്ന്യാത്മമയന്മാരീറേർ-
കാദീശാഘോഷിക്കുമ്പോൾ
നീക്കുക നീക്കുക ഭൂമിയിൽനി
ന്നുയിരുള്ളോരിൽനിന്നിവനെ
എന്നുദയേ വിധിപതി സവിധം
തേവടിയാൾ ബഹളം കൂട്ടി. ദേവാ ദയ

3 അഗ്രിമമാം പെരുന്നാളാകും
കഷ്ടതനിറയും വെള്ളിയിതിൽ

ക്ഷണികമതാമിപ്പുലർകാലെ
നിൻ ശ്രേഷ്ഠത നിർമിച്ചോരീ
സർവത്തീന്നും പ്രഭയേറും
മശിഹായേ സ്തുതിയങ്ങേക്കായ്
സർവാനന്ദദമുദയം നീ-
യുദയങ്ങളിലെല്ലാം സ്തുതി-തേ
നിർമ്മാതാവിനെ വിധി ചെയ്‌വാൻ
മണ്ണാംകട്ടയിരുന്നുദയേ
പ്രഭയേറും പുലർകാലം നീ
പുലർവേളയിലെല്ലാം സ്തുതി-തേ. ദേവാ ദയ

4 പൂക്കൾക്കും പുൽക്കൊടികൾക്കും
കമനീയത നീയരുളുന്നു.
ബലഹീനർക്കഖിലം വടിയും
തുണയതുമായോനേ! സ്തുതി-തേ
കരുണാനായകനെ സ്തുതി തേ!
പതിനായിരമായി സ്തുതി തേ
നിഖില വിധീശ വിധീശൻ നീ
വിധിനിലയത്തിൽ നിന്നതിനാൽ
ആയിരമുരുവോടായിരമായ്
സർവാധീശ്വരനെ! സ്തുതി തേ
സ്തുതി തേ! പ്രേഷകജനകന്നും
പ്രോന്നതി പാവന റൂ-ഹായ്ക്കും. ദേവാ ദയ

ഞങ്ങൾക്കായുളവായൊരു-നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൽ കഷ്ടതയാൽ-
നേടണമവകാശം രാജ്യേ ദേവാ ദയ

## മശിഹോ ദെമിലക് നൂഹൊമ്മോ

1 വെള്ളിയതാം നാൾ ബന്ധിതനായ്
കടലിനെ മണലാൽ ബന്ധിച്ചോൻ
മരണനുകത്തെ ത്തച്ചവനെ
തരുവതിലേറ്റി ക്രൂശിച്ചാർ

2 വെള്ളിയതാം നാൾ പീലാത്തോസ്
മൂഢജനത്തിൻ വിധിയെഴുതി
വെള്ളിയതാം നാൾ വിധിയേറ്റു
ദൈവത്തെ ക്രൂശിച്ചോരും

3 വെള്ളിയതാം നാൾ കുന്തത്താൽ
ജീവദഹൃദയം ഭേദിച്ചു
സകലജഗൽ പുണ്യപ്രദമാം
ശോണിതവുംജലവും തൂ-കി

4 വെള്ളിയതാം നാൾ മൃതി കേണു
സ്നേഹിതനാം നീ-ചൻ പാഞ്ഞു
ഉയിരാർന്നോൻ മൃതവാസത്തിൽ
തൽ ദ്രവ്യം മോഷ്ടിച്ച-തിനാൽ.

5 വെള്ളിയതാം നാൾ നിയമിച്ചാ-
നുടയോനവനെ-പ്പൂങ്കാവിൽ
അന്നാളിൽ താൻ മൽസരിയായി
നഗ്നത പാപത്താൽ പൂണ്ടു

6 വെള്ളിയതാം നാൾ പറുദീസിൽ
ചേർത്താനുടയോ-നാദാമിനെ
വെള്ളിയതാം നാൾ ലജ്ജിതനാ-
യംബരമായിലയേ ചാർത്തി.

7 വെള്ളിയതാം നാൾ കേട്ടു നരൻ
തിന്നും നാൾ മൃ-തനാമെന്നു

നിന്നാജ്ഞയേ ലംഘിച്ചിട്ടും
മൃതിപൂണ്ടില്ലുൾ-കൃപമൂലം

8 വെള്ളിയതാം നാൾ കനിതിന്നോ-
രാദ്യൻ സ്വപദം-കൈവിട്ടു
വെള്ളിയതാം നാൾ തരുവിൽനി-
ന്നീശനിറങ്ങീ മൃ-തനായി

9 വെള്ളിയതാം നാൾ ആദിനരൻ-
തൻപ്രഭയസ്തം-ഗതമായി
വെള്ളിയതാം നാൾ തരുവിട്ടാൻ
അണിയിച്ചോൻ ദ്യുതിയാദത്തെ

10 വെള്ളിയതാം നാൾ അവനേദൻ
വിട്ടൂഴിയിൽ വൈദേശികനായ്
വെള്ളിയതാം നാൾ ആദിമരും
അന്തിമരും ഭേദം പൂണ്ടു

11 വെള്ളിയതാം നാളീശകര
നിർമിതനാദം പൂണ്ടു ഭയം
വെള്ളിയതാം നാൾ ദേവേശൻ
മൃതനായിക്കബെറിൽ പാർ-ത്തു

12 വെള്ളിയതാം നാൾ മൃഗജാലം
വരുമാദത്തേക്കണ്ടരുകിൽ
വെള്ളിയതാം നാൾ പാതാളേ
രക്ഷകഭാസ്സാൽ മൃതരേറ്റു

13 വെള്ളിയതാം നാൾ വിധിനാഥൻ
മൃതിവിധിയാദാമിന്നേകി
വെള്ളിയതാം നാളൻപുടയോൻ
താണു മൃതന്മാർക്കുയിരേകി

14 വെള്ളിയതാം നാൾ പാനം ചെയ്-
താദാം ദ്രുതമാർന്നൊരു കാസ;
വെള്ളിയതാം നാൾ പാനം ചെയ്-
തുടയോൻ തിരുവിഷ്ടക്കാ-സ

15 വെള്ളിയതാം നാൾ പണിചെയ്‌വാൻ
ഭാഗ്യാരാമെ ചെന്നാദാം;
വെള്ളിയതാം നാൾ മൃത-ഗേഹം
ദോഷിസമം ജീവദനാർ-ന്നു

16 വെള്ളിയതാം നാൾ പരദേശ-
പ്പാർപ്പാൽ ദുഷ്ടൻ വിഹസിച്ചു
വെള്ളിയതാം നാൾ മൃത മധ്യേ
അന്യന്നുതുല്ല്യം വാ-ണീശൻ

17 വെള്ളിയതാം നാൾ ആദത്തെ
ദുഷ്ടൻ താഴ്ത്തീടാനാഞ്ഞു
വെള്ളിയതാം നാൾ നീതിസുതൻ
വഞ്ചക ശീർഷം ധൂ-ളിച്ചു

18 വെള്ളിയതാം നാൾ മൃതതുല്ല്യം
നാഥൻ പാതാ-ളം പൂകി
മുടിമാറ്റിയ മന്നവനൊപ്പം
ചതിവൻ തന്നൊളിവാ-രായ്‌വാൻ

19 വെള്ളിയതാം നാൾ കൈവിട്ടാൻ
ശോഭന വസന-ത്തെയാദാം
വെള്ളിയതാം നാളവർ നീക്കി
സുതന്നുടെ മോഹനമാം-വസ്ത്രം

20 വെള്ളിയതാം നാൾ ശിഷ്യന്മാർ

പകലോൻ മറവായെന്നോർത്തു
ഞായർ ദിനത്തിൽ ശാശ്വതമാം
സൂര്യൻ ജീവൻ പ്രാപിച്ചു.

## സൂമ്മോറോ

## നീതിമാന്മാരുടെ...

ലെവി: 4:1-7,സംഖ്യ: 19:1-ഫ്ട് 2 രാജ 19:20-29
സച്. 13:7-14:5, ഹബക് 1-ൽ2, യെഹെസ്, 13:17-22
അപ്പോ. പ്ര 22:30-23:16,1 കൊരി. 1:18-31

ഏവൻഗേലിയോൻ
വി. മത്തായി 27:1-10, വി. മർ. 15:1-10,
വി. ലൂക്കോ. 22:66-71, വി.യോഹ.18: 28-40

## സ്തുതിപ്പ്

കർത്താവിനെ സ്തോത്രം ചെയ്യുന്നതും ഉന്നതമായ തന്റെ തിരുനാമത്തിനു പാടുന്നതും പ്രഭാതത്തിൽ തന്റെ കൃപയും രാത്രികാലങ്ങളിൽ തന്റെ വിശ്വാസവും അറിയിക്കുന്നതും എത്രയോ നല്ലതാകുന്നു. കർത്താവെ! പ്രഭാതത്തിൽ എന്റെ ശബ്ദം നീ കേൾക്കണമേ. പ്രഭാതത്തിൽ ഞാനൊരുങ്ങി നിനക്കു കാണപ്പെടു-മാറാകണമേ. കർത്താവെ! നിന്റെ ജനത്തോടു കരുണ ചെയ്യണമേ കർത്താവെ! ഞങ്ങളെല്ലാവരുടെയും പാപങ്ങൾ പരിഹരിച്ചു ക്ഷമി-ക്കണമേ. പരിശുദ്ധനായുള്ളോവെ നിന്റെ വലതുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ചു നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗങ്ങളെ സൗഖ്യമാക്കണമേ. ആമ്മീൻ.

## കൗമാ

പീഢാ-താഴ്ചകളാൽ നമ്മെ വീണ്ടോനാം
മശിഹായേ വാഴ്ത്തി നമിക്കാം പുലർകാലെ (3 തവണ)

നാഥാ! തേ സ്തുതിയും
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

# മൂന്നാം മണി നമസ്കാരം

## കൗമാ

ചോദ്യം നിജ ദാസനിൽ നിന്നേ-റ്റോൻ മശിഹാ!
വിധിനാ-ളൻപാലടിയാരിൽ-ദയ ചെയ്ക. (3 തവണ)

നാഥാ! തേ സ്തുതിയും ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ!
ദൈവമെ നിന്റെ കൃപ പോലെ...

## എനിയോനോ

1 പ്രതിവാദത്താൽ യൂദന്മാർ
ബഹളം കൂട്ടീട്ടുടയോനേ
തരുവിന്മീതെ ക്രൂശി-ച്ചു

2 ദൈവം വിധി നിലയേ നിന്നു
ദോഷികളാൽ നിന്ദിതനായി
സൃഷ്ടികളെ മൃതിയാ-ൽ കാ-ത്തു

3 മിസ്രേമീന്നും രക്ഷിച്ചോ-
നെതിരായ്, വിധിപാ! മശിഹാ-യേ
തൂക്കകയെന്നലറീ-വേ-ശ്യ

4 മത്സര ബുദ്ധികൾ മശിഹായേ
ക്കൊണ്ടിഹപോയ് വാദം ചെയ്തു
വിധിയേകീ കൊലചെയ്-തീ-ടാൻ

5 ആദാമിനെ നിർമ്മിച്ചോൻ തൻ
തൃക്കൈകാലുകളിന്മീതെ
ആണിയടിച്ചു ദുഷ്ടന്മാർ

ബാറെക്മോർ, ശുബഹോ... മെന ഓലം...

6 ഞങ്ങൾക്കായൂഴിയിലെത്തി
സ്വേഷ്ടത്താൽ നരനായവനാം
ദേവാ! നിൻ ദയ സം-സ്തു-ത്യം
സ്തൗമെൻ കാലൊസ്, കുറിയേലായിസ്സോൻ.

## പ്രൊമിയോൻ

## കോലോ

## കൂക്കോയോ

ജഗതീശില്പിപരാദ്യ സുതൻ വെള്ളി-ദിനെ മൂന്നാം
മണി നേരത്തു പുറപ്പെട്ടാൻ സീയോ-നിൽ നിന്നും
സൃഷ്ടിഗണത്തിൻ-രക്ഷാദായകനെ
ഗോഗുൽത്തായിൽ സ്കീപ്പാ യിന്മീതെ
നിഹനിപ്പാൻ തൻ തോളിന്മേൽ സ്കീപ്പാ-യേ വച്ചാർ
സ്തുതി ദൈവാത്മജ ലോകത്തെ മൃതിയാൽ-കാത്തോനേ

ഹാലേലുയ്യാ-വു-ഹാലേലുയ്യാ, ബാറെക്മോർ
ശുബഹോ... മെന ഓലം- ഹാലേലുയ്യാ

സ്ലീബായിൻ തരുവിന്മീതെ ലോക-ത്തിൻ പ്രഭയാം
നീതിയതാകും പകലോനേ തിരുസ-ഭ ദർശിച്ചാൾ
മുറിവുകൾ കൈമേൽ- ആണി, വിലാവിന്മേൽ
ചവളമതും ക-ണ്ടധികം വ്യസനിച്ചാൾ
തിരുസവിധത്തിലടുത്തേവം ചൊന്നാ-ളുത്തരമായ്
ഞങ്ങളെയോർത്തു മരിച്ചതിനാൽ ഞാനും-മമസുതരും
ഹാലേലുയ്യാ-നിന്നെ വണങ്ങുന്നു.

## കോലോ

സകല ജനങ്ങളുമേ കേൾപ്പിൻ
ക്രൂശിച്ചോർ ചെയ്തതെന്തെന്നു
ഭൂവാസികളെ ശ്രദ്ധിപ്പിൻ
നാഥനെ അവർ തൂക്കി ത്തരുവിൽ
കുന്തം കുത്തി വിലാവു തുറ-
ന്നൊഴുകി സകല ജഗത് പുണ്യം
ഹ-ഹ-നൽകും ശോണിതവും നീരും

ബാറെക്മോർ, ശുബഹോ-മെന ഓലം

ധാർമിക രക്തത്തിന്മേൽ ഞാൻ
കുറ്റമൊഴിഞ്ഞോൻ എന്നോതി
സുതനെ വിസ്താരം ചെയ്തോൻ
വെള്ളം വാങ്ങി കൈ കഴുകി
ഇവനുടെ രക്തം ഞങ്ങളിലും
സുതരിലുമെന്നൊന്നായാർത്താർ
ഹ ഹ അവരെ വഹിച്ചോൻ സംസ്തുത്യൻ

## അല്ലെങ്കിൽ

സകല ജാതികളുമെ ഇതു കേൾപ്പിൻ, / സകല ഭൂതലവാസ്സികളുമെ ശ്രദ്ധിപ്പിൻ. ക്രൂശിച്ചവർ മരത്തിന്മേൽ അവരുടെ നാഥനെ തൂക്കുകയും / കുന്തത്താൽ തന്റെ വിലാവിനെ തുറക്കുകയും ലോകം ഒക്കെയുടെ വിമോചനത്തിനായി / രക്തവും വെള്ളവും അതിൽ നിന്നു ഒഴുക്കുകയും ചെയ്തു.

ബാറെക്മോർ-ശുബഹോ -. മെന ഓലം-.

പുത്രനെ വിധിച്ചന്യായാധിപൻ / വെള്ളം വാങ്ങി കൈകൾ കഴുകി ഞാൻ ഈ നീതിമാന്റെ രക്തത്തിൽ നിന്നു കുറ്റം ഒഴിഞ്ഞവനായിരിക്കും എന്നു പറഞ്ഞു. അവരെല്ലാവരും  അട്ടഹസിച്ചു / അവന്റെ രക്തം ഞങ്ങളുടെ മേലും / ഞങ്ങളുടെ സന്തതികൾമേലും ഇരിക്കട്ടെ എന്നു പറഞ്ഞു.

## ബൊതെദ് ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഢാ
താഴ്ചകളേറ്റം ധന്യം നാഥാ

1 താതയുതം ദ്യോ-വു വിരിച്ചോനേ
ചമ്മട്ടി വിരി-ച്ചവർ താടിച്ചു
നിന്ദ്യ സ്കീപ്പാ-യേൽ പ്പാനേകി
ലോകാധർമ്മം-മോചിച്ചീടാൻ
അവനെ ഗോഗുൽത്താമേൽ തൂക്കി
2 ആദാം ഹവ്വാ-യെന്നോർക്കേകീ
പറുദീസിൽ താൻ-തേജോവസ്ത്രം
തൻ തുകിൽ ചീന്തി-യാദാം മക്കൾ
പറുദീസായിൻ-നന്മക്കെതിരായ്
ചീട്ടിട്ടാർ തൻ-വസ്ത്രത്തിന്നായ്

3 സൽസേവകരാം-സഭയുടെ മക്കൾ
ഉചിത സ്തുതി രാ-ജാവിന്നേകം
കൂലിക്കവരെ-കൂട്ടിച്ചേർത്താൻ
മൂന്നാം മണിയിൽ തരുവിന്മീതെ
തൻ ഹാശായെ-സ്തോത്രം ചെയ്വാൻ

നിൻവിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ-ഞങ്ങളെയീശാ.

മൊറിയോ റാഹേം..

## മാർ അപ്രേം

ഞങ്ങൾക്കായുളവായൊരു നിൻ
ബഹു കഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൽ കഷ്ടതയാൽ

നേടണമവകാശം രാ-ജ്യേ
ദേവാ! ദയയുണ്ടാകേണം
നാഥാ! കൃപ തോന്നണമൻപാൽ

1 വെള്ളി ദിനേ ദോഷികളൊപ്പം
പിഴയാളികൾ നിന്നെ തൂക്കി
ഉടയവനെ ക്രൂശിൽ കണ്ടു
സൃഷ്ടിഗണം കൂരിരുളാണ്ടു
അട്ടഹസിച്ചാൻ തരുവിന്മേൽ
ശ്രദ്ധിച്ചു സൃഷ്ടികളെല്ലാം
ചെറിയൊരു വീടതിലെന്നോണം
ധരണിയിലെങ്ങും കേട്ടവരും
ഗോഗുൽത്തായിന്നുപരിതലെ
നാദത്തെ ശ്രദ്ധിച്ചപ്പോൾ
മിണ്ടാപ്രകൃതികൾ ചോന്നേവം
ശപ്തജനത്തിനു ഹാ! കഷ്ടം ദേവാ

2 വെള്ളി ദിനേ ദോഷികളൊപ്പം
പിഴയാളികൾ നിന്നെ തൂക്കി
മാധുര്യത്തിൻ നീരുറവ-
ക്കേകി കൈപ്പും പുളിവീഞ്ഞും
മന്നോർമുടി മുടയുന്നോനേ
മുള്ളുകളാൽ മുടിയണിയിച്ചാർ
ഏദൻ ചവളമൊഴിച്ചോന്റെ
ഹൃത്തു പിളർന്നു ചവളത്താൽ
ക്രൂശകരതി നിന്ദാപൂർവം
ഘോഷിച്ചാർ നീ ദൈവത്തിൻ
നന്ദനനെങ്കിൽ-സ്ലീബായിൻ
തരുവിൽ നിന്നുമിറങ്ങി വരൂ
കല്പനയാൽ മൃതർ വന്നെത്തി
ദുഷ്ടജനത്തെ-ശാസിച്ചു ദേവാ

3 ഈശോ നൃപതെ! ജേതാവെ!
സ്തോത്രം തേ ത്രിത്വത്തിന്നായ്
കഷ്ടത തീണ്ടീടാത്തൊരു നിൻ
നിത്യസ്ഥിതിയതിനായ് സ്തോത്രം
നിൻ ശ്രേഷ്ഠത വെളിവാക്കിയൊരാ-
ജഡധാരണമതിനായ് സ്തോത്രം
നിൻ മഹിമാവിന്നുന്നതിയെ-
ത്താഴ്ത്തിയ കരുണക്കായ് സ്തോത്രം ദേവാ

4 പിഴയാമിരുളിൽ നിന്നും നീ
ഹാശായാൽ സഭയേ കാത്തു
പീഢാതീത പ്രകൃതത്തിൽ
പീഢകൾ ജഡമതിലേറ്ററിവാൻ
താതാത്മയുതം നീ വാഴു-
ന്നത്യുന്നതിയിലനാദ്യന്തം
നീയുണ്ടാക്കിയ പറുദീസിൽ
ചേർന്നാദാം മൂന്നാം മണിയിൽ
മൂന്നാം മണിയിൽ തരുവിന്മേൽ
ശപ്തന്മാർ നിന്നെ-തൂക്കി ദേവാ

5 സ്കീപ്പൂസായിൻ മുറിവുകളാൽ
നീ കാത്തൊരിടവക നിന്നെ
ഹാലേലുയ്യാ ഗീതികളാൽ
വാഴ്ത്തുന്നു മൂന്നാം മണിയിൽ
പ്രേഷക താതന്നുന്നതിയും
നതി പരിശുദ്ധാത്മാ-വിന്നും ദേവാ
ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാ-ജ്യേ. ദേവാ-.

## കുംപൗലോസ്

സകലം മോചിച്ച-കുഞ്ഞാടതിധന്യൻ
സ്തുതിയഖിലം രുധിരാൽ-വിടുവിച്ചോനേ

1 നിർമ്മലമായീടും-ജീവനയാഗത്തിൻ
സ്കീപ്പായേകാണ്മാൻ-ജനത തിരിച്ചു
പ്രവചിക്കുക മശിഹാ-നിന്നെയടിച്ചോനാ
രെന്നവരുൽഘോഷി-ച്ചാക്ഷേപിച്ചു.
കുത്തും താഡനവും-ക്ഷമയൊടു കൈക്കൊണ്ടാൻ
ശാന്തനെ നിന്ദിച്ചാർ-കോപമവ-ന്നുണ്ടാ-യില്ല
അൽഭുത കുഞ്ഞാടിൻ-കാഴ്ചക്കായ് ചെന്നു
ഉൽസവമെന്നോണം-തരു സവിധത്തിൽ

2 സ്കീപ്പാ തോളിന്മെ-ലെന്തീടുന്നോനേ
യെറുശലേംകാരാം-നാരികൾ കണ്ടു
ഉയിരോടാനന്ദം-ചേർത്തീടുന്നോനായി
വിലപിച്ചീടാനായവ-രാരംഭിച്ചു.
നൃപനെ! കൊണ്ടങ്ങെ-യെങ്ങിഹ പോകുന്നു
രക്ഷകനെയെന്തി-ന്നിതരു നീ-പേറീ-ടുന്നു
ദാവീദിൻ ഗീതം-തംബുരുനാദത്തോ-
ടവരാലാപിച്ചി-ട്ടുഴലൊടു കേണു

3 സ്കീപ്പായേന്തീടു-ന്നവനെ--ക്കണ്ടപ്പോൾ
സ്ത്രീജനമത്യന്തം-മാലൊടു കേണു
അവരുടെ നേരെ താ-നങ്ങു തിരിഞ്ഞോതി
നാരികളെയെന്തി-ന്നിതി കേഴുന്നു.
യെറുശലേമിന്നായ്-മുറവിളി, കാന്തന്മാർ-
ക്കാധിതനുജർക്കായ്-നിലവിളി-ഞാൻ നിർമ്മാതാവാം
യെറുശലേമെ! നിൻ-നാശമിതാസന്നം

നിൻ സുതർ ദാസ്യത്താൽ! -ചിതറും നൂനം

4 സൃഷ്ടിസമൂഹത്തെ-യേന്തീടും വീരൻ
വന്നെത്തിച്ചേർന്നു-ഗോഗുൽത്തായിൽ
സീമകളെ ശക്ത്യാ-സംസ്ഥാപിച്ചോനേ
ഗോഗുൽത്തായിന്മേൽ! -ശപ്ത ജനങ്ങൾ
തരുവാം സ്കീപ്പായെ-നാട്ടിയവർ തൂക്കി
പാണിയുഗത്തിന്മേൽ-ധർമ്മ വിഹീ-നന്മാര-യ്യോ!
കാലുകളിന്മേലും- ആണിയടിച്ചേറ്റി
തരുവിന്മേൽ! തന്നെ-നഗ്നം തൂക്കി.

5 സൃഷ്ടികളിൻ നാഥൻ-ക്രൂശിതനായ് തീർന്നു
സ്ലീബാ ത്തരുവിന്മേൽ-തൂക്കപ്പെട്ടു
എഴുതീ തന്മീതെ-യിവനിസ്രായേലിൻ
മന്നൻ രക്ഷകനാ-മീശോയെന്നായ്
വീണിഹ വന്ദിച്ചാർ-ഹിതമല്ലെന്നാലും
ദൈവികമായീടും-മാനമവൻ പേർക്കർപ്പിച്ചാർ
പിഴയാലന്ധതയെ-പൂണ്ട ജനത്തിന്റെ
തൽബഹുമാനത്തെ നീതി ഗ്രഹിച്ചു.

## വൊയ്ലേക് സെഹിയൂൻ

സീ-യോനേ മശി-ഹായേ ക്രൂശിച്ചോളെ!
ഹ! കഷ്ടം ഭാ-ഗ്യം സഭയെ-സ്തുതിമഹിതേ!

1 ഏ-റ്റാനടി മൗ-നം വിധി ഗേ-ഹേ വിമലൻ
പൈശൂന്യത്താ-ലീശോയെ-പ്രതിയാർത്തു
വിധിനാഥാ-ഞങ്ങളെ നിന്ദിക്കും
യൗസേപ്പിൻ-സുതനെ തൂക്കിടുക
സൗഖ്യദനെ-ത്തള്ളുകയാൽ-ഭൂവധികം ഭ്രമമാർന്നു.

2 താനടിയേറ്റ-പ്പോൾ ലെഗിയോൻ-വിറപൂണ്ടു
സ്രഷ്ടാവിനെ ധി-ക്കാരികൾ നി-ന്ദിച്ചതിനാൽ
ചിറകു വിടർ-ത്താരവരെച്ചുടുവാൻ
ജനകാംഗ്യം-ശമനമവർക്കേകി
തിരുവുള്ളമായ് ദുഷിയേറ്റാൻ-തീ പൂണ്ടോർ ശമമാർന്നു

3 ന്യായേശാ! വാ-യിക്കുക നോ-ക്കുക നിയമം
കൊന്നീടുന്നി-ല്ലൊരുനാളും ധാർമ്മികനെ
പ്രതിദാനം-കണ്ണിനു കണ്ണല്ലോ
കുരുടർക്കായ് കാഴ്ച കൊടുത്തീശോ
കാണിച്ചീടുക നിയമം-ചൊല്ലുന്നെന്തിഹ നീതി
4 ഘാതകനെങ്കിൽ-നിയമത്താലെന്തുളവാം
പ്രാണപ്രദനാ-നെന്നാലെ-ന്തരുളുന്നു
ലാസറസെ! വിധവാ നന്ദനനെ
പ്രഭുസുതയാം-ബാലികയേ! വരുവിൻ
ഉയിർപൂണ്ടോ-രാം മൃതരെ-നിന്ദിപ്പിൻ ക്രൂശകരെ.

5 കുറ്റം ചെയ്താ-നാദാം സു-ന്ദരരൂപൻ
ദാസനെ വീണ്ടീ-ടാനുടയോൻ-നിന്നുള്ളിൽ
അടിയാനെ-പ്രതി അടിയേറ്റുടയോൻ:
സ്വകദാസൻ-സ്വാതന്ത്ര്യം നേടി
ദോഷിയേ സം-രക്ഷിപ്പാൻ-ധർമ്മപരൻ ഹിതമാർന്നു

6 ക്രൂശകരെ-ര-ക്തം വിമലം ഞെട്ടിടുവിൻ
വീരന്മാർ തൻ-പുരിയതിനാ-ലഴിവാകും
പ്രബലപുരി-യെറുശലേമിന്റെ
സ്ഥാപനകൾ-ക്കറുതിയടുത്തയ്യോ!
സ്കീപ്പായാൽ നിന്നെ നശി-പ്പിക്കും നിൻ വിധിയേറ്റോൻ

7 നീതിവിധി നാ-ഥനു നീ കാ-ണിച്ചിടുക
അന്യായത്തോ-ടുത്തമനെ-പിടികൂടി
കായേന്യർ-ദോഷികൾ പാവനമാ-

മാടിൻ ര-ക്തത്തിനു ദാഹിച്ചു.
വിധിനാഥാ! ദോഷികളൊത്തഴിയായ്‌വാൻ കരുതിടുക.

8 നാഥാ! നീ രക്ഷിച്ചൊരാ-നാവുകളും
വാകളുമങ്ങെ-സ്‌നേഹത്തെ-വാഴ്ത്തുന്നു
സ്‌തോത്രം തേ-മാനവനായോനേ!
സ്‌തോത്രം തേ-സ്ലീബായേറ്റോനേ!
സ്‌തോത്രമുയിർത്താരോഹാൽ-വിമലതയേ ചേർത്തോനേ.

## സുഗീസോ

1 ഘാതക ധിക്കാരിയേ വെന്നോൻ
മശിഹാ ധന്യൻ ക്രൂശകിയാം
സെഹ്യോനേ വീഴ്ത്തി സ്‌നേഹാൽ
ചേർത്താൻ വിശ്വസ്തന്മാരെ

2 കൊന്നിടുമണലിക്കുഞ്ഞുങ്ങൾ
പെസഹായിൽ കൂട്ടംകൂടി
തൻപ്രിയ ശാന്തിപ്രദനെതിരായ്
ഗൂഢം തന്ത്രം ചിന്തിച്ചാർ

3 പൈശൂന്യമതാം തീ കൂട്ടി
മതിചലനത്താലാളിച്ചു
ചിന്തകളാകും കരു തീർത്തു
ചതി നിർമ്മിച്ചു രക്ഷകനായ്

4 സുതനെ നഗ്നം തരുവിന്മേൽ
ക്രൂശിച്ചതു ദർശിച്ചപ്പോൾ
ആടിക്കേണേറുശലേമിൻ
നാരികൾ രോദിപ്പതു കേട്ടേൻ.

5 നാഥസുതൻ തന്നാക്ഷേപം
കണ്ടു സഹിപ്പാൻ കഴിയാതെ
സൂര്യൻ മങ്ങി പ്രഭ മാഞ്ഞു
രക്ത നിറം ചന്ദ്രൻ പൂണ്ടു.

6 കീറിയ പാണികൾ കണ്ടപ്പോൾ
മുറവിളികൂട്ടിക്കേണേറ്റം
നാരികൾ കണ്ണീർക്കടലോടെ
രോദന ഗേഹം പ്രാപിച്ചു.

7 പുളിവീഞ്ഞും കൈപ്പും ചേർത്തോ-
രക്കൈ ഹാ! ശോഷിച്ചില്ല
ദാഹമേവർക്കും തീർപ്പോനായി
കാടിയതും കൈപ്പും നൽകി.

8 അഴലൊടു ശിഷ്യന്മാർപോയി
തായും യൗസേപ്പും കേണു
പട്ടക്കാർ നിന്ദാപൂർവം
വടിയാൽ തന്നെത്താഡിച്ചു.

9 അക്ഷികൾ വാനത്തേക്കേറ്റി-
ട്ടട്ടഹസിച്ചാൻ താതനൊടായ്
ഹൈക്‌ല പൂകീടാനാത്മം
തൃക്കൈകളിലർപ്പിക്കുന്നേൻ.

10 മന്ദിരമറയെതാൻ കീറി
തൻ മെയ് കുന്തത്താൽ കീറി
കബറീന്നും നിർഗ്ഗതരെത്തി
ധിക്കാരികളെ ശാസിച്ചു

11 വിധിനാഥാ കല്ലറ കാപ്പാൻ
നിൻ ഭടരൊടാജ്ഞാപിക്ക

എന്നിഹ പീലാത്തോസൊടായി
നിണമോഹികളുൽഘോഷിച്ചു.

12 കഷ്ടത മെയ്യിൽ കയ്യേറ്റ
വചനമതാം സ്വയമുൽഭൂതൻ
കുരിശിൽ തൂക്കപ്പെട്ടോൻ തൻ
രുധിരത്തിന്നായ് പകവീട്ടി

13 തൻ ഗാത്രത്തിന്മേലേറ്റം
ധാർഷ്ട്യം ശപ്തന്മാർ കാട്ടി
തൻ നഗരത്തെ നിശേഷം
തൻ ക്രോധം വിധ്വംസിച്ചു.

### ഏവൻഗേലിയോൻ

### കൗമാ

ചോദ്യം-നിജ ദാസനിൽനിന്നേ-റ്റോൻ മശിഹാ
വിധിനാ-ളൻപാലടിയാരിൽ-ദയ ചെയ്ക. (3 തവണ)

നാഥാ! തേ സ്തുതിയും മാനം താതന്നും...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...

## ആറാം മണി നമസ്കാരം

### കൗമാ

ദാസൻ-വിധിസമയത്താക്ഷേ-പിച്ചോനേ
മശിഹാ-വിധിദിവസേ കനിവാൽ-കൃപചെയ്ക (3 തവണ)

നാഥാ, തേ! സ്തുതിയും...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...

ദൈവമെ നിന്റെ കൃപ പോലെ...

1 സ്ലീബായും പീഢകളും പേറീ
മുള്ളിൻ-മുടി കയ്യേറ്റോനേ-ദേവാ! ദയ ചെയ്തീടണമേ
2 ആദത്തെ സുതസഹിതം കാപ്പാൻ
സ്വഹിതാൽ-തരുവതിലാരൂഢാ ദേവാ
3 പരിഹാസം ചെയ്വാൻ തൻ തലയിൽ
മുള്ളിൻ-മുടിയവരണിയിച്ചു ദേവാ
4 സ്കീപ്പാമേൽ തന്നേക്കണ്ടപ്പോൾ
പകലോ-നിരുളാൽ പ്രഭ നീക്കി- ദേവാ

ബാറെക്മോർ ശുബഹോ മെന ഓലം

5 സ്ലീബായാൽ മർത്യരെ രക്ഷിപ്പാൻ
താണോ-രുന്നതനെ സ്തോത്രം ദേവാ

സ്തൗമെൻകാലോസ്... കുറിയേലായിസ്സോൻ.

## പ്രൊമിയോൻ-സെദ്റ

### കോലോ

ദൈവം സ്കീപ്പാമേൽ തൂങ്ങി-സൃഷ്ടികളതി സങ്കടമാർന്നു-ആകാശത്തിലെ സൈന്യങ്ങൾ-ഭയമൊടു വിഹ്വലരായ് മേവി പീലാത്തോസ്സിൻ സന്നിധിയിൽ-മൗലി വണങ്ങിയ സുതനേക്കണ്ടപ്പോൾ നിന്ദിത നാഥനെ സൂക്ഷിച്ചാ-സൂര്യൻ രശ്മികളെ നീക്കി സൃഷ്ടികളെയെല്ലാ-മേന്തുന്നോനേ പിഴയെന്യേ നിന്ദിത മണ്ണു വിധിച്ചപ്പോൾ - ആഴികളും ഭൂമിതലവും സംഭ്രമമാർന്നു.

ബാറെക്മോർ ശുബഹോ മെന ഓലം

പാർത്താലത്യന്തം ശ്രേഷ്ഠം-സത്യം മോഷക വിശ്വാസം ആണികൾ
പാണിതലങ്ങളിലും പാദങ്ങളിലും പേറുമ്പോൾ ക്രൂശിതനാം ഉടയോനോടായ്
പാപവിമോചനമർത്ഥിച്ചാൻ സത്യം ചെയ്താൻ കീപ്പാ ഞാ-നവനെ
അറിയുന്നില്ലന്നായ് പ്രതി, യോഹന്നാനും-ശിഷ്യന്മാരും വിട്ടോടി നാഥാ! രാജ്യേ
നിൻ വരവിൽ-സ്മൃതി ചെയ്യണമെന്നെ-യെന്നാ ഘാതകനാർത്തു

മൊറിയൊറാഹേം

## ( അല്ലെങ്കിൽ )

1. വിറയലോടും കൂടെ നിന്നു. നാഥൻ പരിഹസിക്കപ്പെടുന്നതു കണ്ടിട്ടു സൂര്യൻ അതിന്റെ കിരണങ്ങൾ മറച്ചു കളഞ്ഞു. ഭൂമി വിറച്ചു. ആഴത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി. സൃഷ്ടികളെ വഹിച്ചിരിക്കുന്നവനെ നിന്ദ്യ മങ്കട്ട ഇരുന്നുകൊണ്ടു വിധിക്കുന്നു.

2. കള്ളന്റെ വിശ്വാസം ഏറ്റം വലുതും യഥാർത്ഥവുമായിരുന്നു. മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവന്റെ നാഥനോട് അവൻ പാപ പരിഹാരം യാചിച്ചു. അവന്റെ കൈകളും കാലുകളും ആണികളാൽ തറക്കപ്പെട്ടു. എന്റെ അകൃത്യം ക്ഷമിക്കണമേ എന്നു അവൻ പറഞ്ഞു. ശെമവൂൻ കീപ്പാ തന്നെ ഉപേക്ഷിച്ച് "ഞാനവനെ അറിയുന്നില്ല" എന്നാണയിട്ടു പറഞ്ഞു. യൂഹാനോനും മറ്റു ശിഷ്യന്മാരും തന്നെ ഉപേക്ഷിച്ച് ഓടിപ്പോയി. എന്നാൽ കൊലപാതകൻ, "കർത്താവേ നിന്റെ രാജ്യത്തിൽ നീ എഴുന്നെള്ളുമ്പോൾ എന്നെ ഓർക്കണമേ" എന്നു നിലവിളിച്ചു പറഞ്ഞു.

## എത്രോ

## വീണ്ടും കോലോ

1. അപ്പുലരിയിൽ നിന്നെ-സ്കീപ്പാമേൽ ദുഷ്ടർ
തൂക്കുന്നതു കണ്ടാർ-വാനിലെ ഈറേന്മാർ
ശപ്തജനം തൂക്കെ-ന്നട്ടഹസ്സിച്ചപ്പോൾ
ചെന്നാദോഷികളെ-സംഹാരം ചെയ്യാൻ - ഹാലേ
സംഘത്തോടൊന്നായ് ചെന്നഭ്യർത്ഥിച്ചാർ.

2. സിംഹസനപീഠേ-പൂഴി ഞെളിഞ്ഞേറി
വിധിനായക പതിയെ-വിസ്താരം ചെയ്തു
തൂക്കുക മരണത്തി-ന്നർഹൻ യേശുവിനെ
ബാറാബാസിനെ വിടുകെ-ന്നാർത്തു സപ്രേമ്മാർ ഹാലേ
തൻസ്മൃതി മായിച്ചോൻ വാഴ്ത്തപ്പെട്ടോനാം

## ( അല്ലെങ്കിൽ )

1. കർത്താവെ!, നീ ദുഷ്ടന്മാരുടെ കൈകളാൽ / സ്കീപ്പായിൽ തറക്കപ്പെട്ടിരിക്കുന്നതിനെ / മേലുള്ള ഈറേന്മാർ കണ്ട സമയത്തു അവർ കൂട്ടംകൂട്ടമായി പരസ്പരം ചേർന്നു / ആ ദുഷ്ടന്മാരുടെ മേലിറങ്ങി / അവനെ ക്രൂശിക്ക എന്നു അട്ടഹസ്സിച്ച ശപിക്കപ്പെട്ടവരെ / നശിപ്പിക്കാൻ തിരക്കുകൂട്ടി.

ബാറെക്മോർ ശുബഹോ മെന ഓലം

2. മൺകട്ട സിംഹാസനത്തിൽ ഇരുന്നു വമ്പു ഭാവിച്ചു / ന്യായാധിപന്മാരുടെ ന്യായാധിപനെ വിസ്തരിച്ചു ജനത്തിന്റെ സപ്രേമ്മാർ / "ബാറാബായേ അഴിച്ചു-വിടുക, / മരണയോഗ്യനായ യേശുവിനെ ക്രൂശിക്ക" എന്നട്ടഹസ്സിച്ചു. അവരുടെ ഓർമ്മ ഇനിയും ഉണ്ടാകാത വണ്ണം / അവരെ മായിച്ചു കളഞ്ഞവൻ വാഴ്ത്തപ്പെട്ട വനാകുന്നു.

മോറിയൊറാഹേം

## ബോത്തേദ് ഹാശോ

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഢാ
താഴ്ചകളേറ്റം ധന്യം നാഥാ.

1 ഇരുളിൻ സുതരാം-മൂഢാത്മാക്കൾ
ദൈവികനാകും-കുഞ്ഞാടിനെയാ
സ്കീപ്പൂസായിൻ-തരുവിൽ തൂക്കി.
ബഹുവാകും തൻ-നന്മക്കെതിരായ്
കൈപ്പേറിയതാം-പുളിവീഞ്ഞേകി.

2 യീഹൂദിലെ ദാ-രുണവൃത്തം ക-

ണ്ടുരു ശൈലങ്ങൾ-പൊട്ടിക്കീറി
ഏദനിലാദാ-മിനെ നിർമ്മിച്ച
പാണികളിന്മേ-ലാണി തറയ്ക്കേ
ഖേദം യൂദർ-ക്കുണ്ടായില്ല.

3 ശിശു കേസരിയ-ത്തരുവിൽ ചീറി
ഇരുളിൻ സുതരാം-ജംബുകരോടി
ദുഷ്ടാത്മാക്കൾ-വിസ്മയമാർന്നു
തന്നുടെ മകുടം-നിപതിച്ചതിനാൽ
പാപാധിപനാം-സാത്താൻ കേണു

നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധി ചെയ്യരുതെ-ഞങ്ങളെയീശാ മൊറിയോ

## മാർ യാക്കോബ്

മശിഹാ-സ്കീപ്പാ മൃതി
കഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥന കേ-ട്ടിട്ടാത്മാക്ക-
ളിലൻപുണ്ടാ-കേണം
+ദേവാ ദയയുണ്ടാകേണം
നാഥാ! കൃപ തോന്നണമൻപാൽ.

1 യാഗാർത്ഥം-ജീവനെഴും ദൈവിക കുഞ്ഞാ-ടെത്തി
അർപ്പകരാ-മാചാര്യന്മാരായ് ക്രൂശകർ നിന്നു
ഗോഗുൽ-ത്തായിൽ സ്ലീബായാം തരുവിന്മേൽ തൂക്കി
ദുർവേല-ക്കാരക്കല്ലേറ്റി കെട്ടി-ന്മീതെ
ആഴം വി-ണ്ണെന്നിവകൾക്കിടയിൽ തൂണായ്-നാട്ടി
നിന്നാൻ വീ-രൻപോൽ ലോകത്തിൻ ഭാരം താങ്ങാൻ
+ദേവാ ദയ

2 മദ്ധ്യാഹ്ന-ത്തിൽ കൂരിരുൾ കുന്നിച്ചിക്ഷിതി-മൂടി
ജ്യോതി-സ്സിന്മേൽ കോയ്മയവന്നെന്നതിനാൽ തേറി
വെള്ളിയിൽ-വെട്ടം തേജസ്വിയേ വാഴ്ത്തീടാൻ മാഞ്ഞു

സ്ലീബായേ-റ്റോൻ ദൈവാത്മജനെന്നുലകം-കണ്ടു
മദ്ധ്യാഹന-ത്തിൽ വൃക്ഷഫലത്തെയാദാം തിന്നു
ലജ്ജാപൂർവം തന്മൂഢതയിൽ കമ്പം പൂണ്ടാൻ

+ദേവാ ദയ

3 വസ്ത്രം സർ-പ്പം റാഞ്ചീടുകയാൽ നൃപനെ-ചാർത്താൻ
പകലിന്നു-ള്ളിൽ രാവു കരേറി സ്ഥാനം നേടി
നഗ്നത പൂ-ണ്ടോരുടയോനേ കണ്ടടിയാൻ-സൂര്യൻ
ഘോരാ-ക്ഷേപം കാണായ്വാൻ തൻ നയനം ചിമ്മി
നോഹിൻ നാ-ഥൻ തൻ നഗ്നത കാ-ണായ്വാൻ-ശേമും
യാഫേത്തും-പോൽ രവിയും മതിയും വദനം-മൂടി

+ദേവാ ദയ

4 സ്കീപ്പാ-യിന്മേൽ നീതിമഹാർക്കൻ മേവീടുമ്പോൾ
സൃഷ്ടികളിൽ ഞാനെങ്ങനുദിക്കും ചൊന്നാൻ സൂര്യൻ
മോഷകമ-ധ്യേ നാഥനെ നഗ്നം ദർശിച്ചപ്പോൾ
തൻ തേജ-സ്സിന്നെയെങ്ങിനെ പകലോൻ വെളിവാക്കിടും
ജ്യോതിർവ്യൂ-ഹത്താൽ പൂർണമതാം തേജോ ഗോളം
വൃക്ഷത്തി-ന്മേൽ നാഥനെ ദർശിച്ചന്ധത-പൂണ്ടു

+ദേവാ ദയ

5 മധ്യാഹ്നേ-നഗ്നതയാർന്നാൻ പുത്രൻ സ്കീപ്പാമേൽ
ആദത്തെ-ക്കൊന്ന മഹാ സർപ്പം പേടിച്ചാർത്തു.
ദൃഷ്ടാന്തേ-ശിരഹസ്യം നിറയും ഹാശാ-വെള്ളി!
നിൻ വൃത്താ-ന്തം വർണ്ണിപ്പാനെൻ വദനം-പോരാ
ആറാം നാളിൽ പറുദീസിൽ നിന്നാദാം-നീങ്ങി
അന്നാളിൽ-തൻ ദേവതനൂജൻ സ്കീപ്പാ-യേറി.

+ദേവാ ദയ

നാഥാ ഭൂവാനം നിൻ പീഢയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു

+ദേവാ ദയ

## കുംപൗലൊസ്

ബലികളെ നീക്കീടും-തിരുബലി ധന്യം താൻ

പുണ്യം നൽകീടും-ബലിയേ! സ്തോത്രം

1 അഗ്നിത്തേരിന്മേൽ-സ്ഥിതിചെയ്യുന്നോനേ
സ്കീപ്പാമേലേറ്റി-വെള്ളിദിനത്തിൽ
വച്ചുതറച്ചാർ തൻ-പാണികളത്യുഗ്രം
കാലുകളും ലേശം-കരളലിവെന്യേ
ആംഗ്യത്താൽ വാനോ-ടാഴവുമേന്തുന്നോൻ
തിരുവിഷ്ടം മൂലം-സ്കീപ്പായേതാനേ-യേന്തി
ഈറേന്മാർ ചൂളും-കാന്തി യെയേന്തുന്നോൻ
തരുവിന്മേൽ നഗ്നം-തൂക്കപ്പെട്ടു.

2 വെള്ളിയതാം നാളിൽ-സൃഷ്ടിഗണം കേണു
ജനനികളേകന്റെ-കഷ്ടതകൾക്കായ്
രോദനഗേഹത്തെ-പുത്രനു നിർമ്മിച്ചു
സ്വർഗ്ഗാദ്യാത്മജനെ-യോർത്തു കരഞ്ഞാർ
ജ്യോതിസ്സാൽ വാനും-പാറകളാൽ പാരും
മൃതരാൽ ശീയോളും തിരുമാഹാ-ത്മ്യം ഘോഷിച്ചു
തൻ മാഹാത്മ്യത്തിൻ-ഭാവമറിഞ്ഞീടാ-
തന്ധതപൂണ്ടേറ്റം-ക്രൂശക സംഘം.

3 നിബിമുൻപേറായി-ചൊന്നതുപോൽ ഭൂവിൽ
വെള്ളിയതാം നാളിൽ-കൂരിരുളേറി
ദ്വേഷത്താൽ തൂക്കിക്കൊല്ലപ്പെട്ടോനാ-
മേക സുതൻപേർക്കായ്-രോദനമുണ്ടായ്
അന്ധജനത്തിന്നായ്-ബഹുകഷ്ടം നേർന്നാൻ
അവരുടെയാനന്ദം-വ്യാധിയുമാ-ധിയുമായ്-മാറി
തല്ലെരുനാളെല്ലാം-വിട്ടജനത്തിന്റെ
മോദത്തെ നീക്കം-വ്യഥയുണ്ടായി

4 വെള്ളിയിൽ വംശത്തിൻ-പതിയെപ്പറുദീസിൽ
ആദാമെ! നീയെ-ങ്ങെന്നു വിളിച്ചാൻ
ഏലോഹീം ലാമാ-ശബക്താനിത്യേവം

തരുവിൽ ഘോഷിച്ചാൻ-വെള്ളിയതാം നാൾ
വെള്ളിയിലാദത്തെ-സർപ്പം വഞ്ചിച്ചു
തല്പിഴയേത്താനും-വെള്ളിയതാം നാൾ മാ-യിച്ചു
അന്ധത ബോധത്തി-ന്നേറ്റജനത്തിന്മേൽ
വെള്ളിയതാം നാളിൽ-സൂര്യനിരുണ്ടു.

5 തന്നെ വഹിച്ചോര-ത്തരുവിന്നാൾ കേണു
മുറവിളിയൊടേവം-ചോന്നുതുടങ്ങി
കഷ്ടമെനിക്കേറ്റം-ഞാനയ്യോ ദോഷി
ദുഷ്പ്രതിദാനം ഞാൻ-രക്ഷകനേകി
മഴമഞ്ഞെന്നിവയാൽ - അവനെന്നെപ്പോറ്റി
അപകാരത്താൽ ഞാൻ - അവനെ സ്കീപ്പാമേ-ലേന്തി
സൃഷ്ടിസമൂഹത്തിൻ-പതിയേ ക്രൂശിച്ച
ദുർ യൂദന്മാരെ-ദോഷം! ദോഷം!

6 പാർത്താൽ പാവനയാം-ദാവീദിൻ തനയ
തരുവിൽ ക്രൂശിതനാ-മേകാത്മജനെ
വീർപ്പിടുമുൾക്കാമ്പോ-ടേറ്റം രോദിച്ചാൾ
ബാഷ്പം വർഷിച്ചാൾ-മിഴികളിൽ നിന്നും
തരുവിന്മേൽ തൂക്കി-മാർവു പിളർന്നോൻ തൻ
ചാരെ ചെന്നെത്തി-സങ്കടപൂർവം-ഭാഷിച്ചാൾ
പാണിതലത്താൽ തൻ-മാർവിൽ താടിച്ചു വിഹ്വലമാനസയാം-
നിർമ്മല കേണു.

7 നിർമ്മലയാം മാട-പ്രാവിഹ രോദിച്ചു
സ്നേഹിതനാകും തൻ-കഴുകനുവേണ്ടി
തിരുവിഷ്ടത്തോടെൻ-മകനായോരീശാ
ഹതിമൃതികൾക്കായ് നീ-പോയതുമെന്തു?
ഉജ്ജ്വല തേജസ്സേ-മഹിമാവേറും നിൻ
രശ്മികളെയേവൻ-വീശിടുവാൻ-ധൈര്യം-കാട്ടി
വിഷ്ടപവീരാ നീ-കെട്ടപ്പെട്ടാരാൽ?
തരുവിന്മേൽ നീ ഹാ! നഗ്നത പൂണ്ടു

8 ആ രോദന നാദം-ദൈന്യതയും പാരം
സങ്കടവും വീർപ്പും-സമ്പ്രാപിച്ചു
മൗലിനമിപ്പിച്ചി-ട്ടാചെറു കുഞ്ഞുങ്ങൾ
പോയ പിറാവെപ്പോൽ-തേങ്ങിക്കേണാൾ
ക്രൂശിതനായ് കുന്തം-കൊണ്ടു പിളർന്നോനേ
കണ്ടുൾത്താപത്തോടരികെ ചെന്നാശ്ലേഷി-ച്ചാൾ
ലഹരി പിടിച്ചുൾക്കാ-മ്പതി സന്താപത്താൽ
ഗൽഗദ സമ്പൂർണ്ണം-സംസാരിച്ചാൾ

9 ദ്യുതിയെ മറച്ചീടാൻ-രവിയൊടു കല്പിക്ക
ഏകസുതാ! ചാരെ ഞാനണയട്ടെ
നിന്റെ നിയോഗത്താ-ലിരുളാർന്നീടട്ടെ
സ്ലീബാവൃക്ഷത്തെ-ഞാൻ പുണരട്ടെ
എന്മകനേ ഞാൻ നി-ന്നടികളെ മുത്തട്ടെ
പ്രാണപ്രദനെ നിൻ-സൗരഭ്യം ഞാ-നേൽ-ക്കട്ടെ
ദുർവൃത്തന്മാർ നിൻ-നഗ്നത കാണായ്‌വാൻ
അന്ധത പൂകട്ടെ-തൽ നയനങ്ങൾ.

10 ദൂതന്മാർ മുൻപൻ-ഗബ്രിയേലെ നിൻ
എരിതീ വൈരാഗ്യം-കെട്ടതുമെന്തു?
ദുഷിയേൽക്കുന്നു നി-ന്നുടയോൻ സ്‌കീപ്പായിൽ
അഗ്നിമയാ മൗനം-പൂണ്ടതുമെന്തു?
ഓ! മിഖായെലെ-തീക്ഷ്ണമതേ കാൺക
തന്റെ വിലാവിന്മേൽ-ദ്വേഷികൾ കുന്തത്താൽ കുത്തി
പത്തു സഹസ്രത്തെ-വീഴ്ത്തിയ നിൻ വാളാൽ
ക്രൂശകരെ നാശം-ചെയ്തു മുടിക്ക.

## വൊയ്‌ലേക് സെഹിയൂൻ

സീ-യോനേ മശീ-ഹായേ ക്രൂശിച്ചോളെ
ഹ! കഷ്ടം ഭാ-ഗ്യം സഭയേ സ്‌തുതിമഹിതേ

1 തേജോനാഥൻ-സ്ലീബായിന്മേലേറി
പാവനനെക്കൊ-ന്നീടാൻ ക്രൂശകരാർത്തു
നാശകരാം-ചെന്നായ്ക്കൾ ചുറ്റി
നിർമ്മല കു-ഞ്ഞാടതിനെച്ചീന്തി
ഹിതമൊടു വേ-ദനയേറ്റേ-വരെയും വീ-ണ്ടാൻ കുരിശാൽ.

2 തേജസുതരാം-ശിഷ്യന്മാർ പാഞ്ഞോടി
കൂരിരുളുകൾ തേ-ജോമയനെപ്പിടികൂടി
ദ്വേഷത്താൽ കയ്യപ്പാതാനും
ഹന്നാനും-വാമവശാധിപനാം
യൂദായും-ദക്ഷിണ ഭാ-ഗാധിപനെ ക്രൂശിച്ചു.

3 ചൊല്ലുന്നു മരം-കഷ്ടമെനിക്കെന്തുളവായ്
സൃഷ്ടീശനെയെൻ-മീതെ ഹാ! കുരിശിച്ചാർ
മഴമഞ്ഞെ-ന്നിവയാലവനെന്നെ
പോറ്റി, ഞാ-നപകാരം ചെയ്തു
മശിഹാതൻ ക്രൂശകരാം-യൂദന്മാരെ കഷ്ടം!

4 നാഥാ! മകനെ!-കുരിശിച്ചാരിത്തരുവിൽ
ഉന്നത സുതനെ!-ദ്വേഷിച്ചെന്തിനു പകയർ
സകലർക്കും-നന്മകൾ നീയരുളീ
ആരോഗ്യം നിഖിലർക്കും നൽകി
പ്രതിഫലമായ്-സ്കീപ്പാമെ-ലെന്തിന്നി-പ്പരിഹാസം.

5 ദോഷം ചെയ്തെന്തേരുശലെം പുത്രികളെ!
എൻപുത്രൻ കാ-ന്തർക്കപകാരം ചെയ്തു
തുപ്പലിനാൽ-കാഴ്ചകൊടുത്തന്ധർ-
ക്കരുളാൽ കു-ഷ്ഠാർത്തർക്കമലതയും
കാന്തസുത-ന്മാരവനെ പ്രതിഫലമായ് താഡിച്ചു.

6 നാഥാ! മകനെ! എങ്ങനെ ഞാൻ കേഴേണം

തോഴികളും പാ-വനമാം സംഘവുമെന്യേ
സ്കീപ്പായെ-ഘാതർ ചൂഴുന്നു
ദ്വേഷികൾ നിൻ-മൃതിയതിനുഴറുന്നു
മൂകമതാം-സൃഷ്ടിക്കേ-കുക കേഴാനാരാവം.

7 മൂകതയോ നിർ-മ്മല രക്തം വീണ ധരേ!
ചെലയെഴുന്നോ-ർക്കൾഭ്രമേറ്റുക വലുതാം
പാറകളെ! ആർക്കുക കല്ലുകളെ!
ശാസിപ്പിൻ ക്രൂശകരെ നിങ്ങൾ
താൻ നഗ്നൻ പ്രകൃതികളെ! ആംഗ്യത്താ-ലിളകിടുവിൻ.

8 ഓ! എഴുന്നേല്പിൻ-സൃഷ്ടികളെ-പിതൃഭവന-
ത്തായകളെ കേ-ഴിൻ മൃതിപൂകും സുതനായ്
സുതനേകൻ-തമ്മിലിളക്കിടുവിൻ
തിരുമഹിമാ-വേറ്റം നിരസിച്ച
ക്രൂശകരെ-ഭീകരമാം നെടുവീർപ്പാൽ ശാസിപ്പാൻ

9 ഉഗ്രന്മാരാ-മുജ്ജ്വല ദൂതന്മാരെ
തൻ നഗ്നത കണ്ടെന്തെരിയാതമരുന്നു
നിങ്ങളിൽ ര-ണ്ടാളുകൾ സോദോമിൽ
നിന്ദിതരായ് തല്പുരി-തീയ്ക്കിരയായി
വാനവരെ! ക്ഷമയരുതെ-ദുഷിയേറ്റീടുന്നുടയോൻ

10 സ്കീപ്പായെചൂ-ഴുന്നോരാം ദ്രോഹികളിൽ
അത്യുന്നതരെ!-വൈരാഗ്യത്തീ ചൊരിവിൻ
രക്ഷകനെ-തൂക്കിയ ജനതക്കായ്
ചിറകുകളിൽ-തീക്കനലേന്തിടുവീൻ
വാനവരെ! തന്നാംഗ്യം-രോധിച്ചോ-ക്ഷമയെന്തു?

## ഏവൻഗേലിയോൻ

### കൗമാ

നാഥാ! നിൻ വരവിൻ മഹിമാ ദിവസത്തിൽ
അടിയാ-രെയോർക്കുക കള്ള-നെയെന്നതുപോൽ (3 തവണ)

നാഥാ, തേ! സ്തുതിയും
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!..

## ഒൻപതാം മണി

### കൗമാ

സ്കീപ്പാ-യാൽ ക്രൂശകിയേ മാ-യിച്ചോനേ മശിഹാ
കോട്ടയുമഭയവുമാം, നിൻ സ്ലീബാ (3 തവണ)
നാഥാ, തേ! സ്തുതിയും...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...
ദൈവമെ നിന്റെ കൃപ പോലെ...

### എനിയോനോ

1 സന്ദർശിപ്പാനാഗതനാം-
സൽസുതനെ ദ്രോഹികളൊപ്പം
ദോഷികളെണ്ണീ സ്കീ-പ്പാ-മേൽ

2 ദേവേശനു ദാഹിച്ചപ്പോൾ
പുളിവീഞ്ഞും കൈപ്പും നൽകി
നിറവേറീ നിബിതൻ-വാ-ക്യം

3 മന്നൻ ദാവീദോതിയപോൽ
തൻ വസ്ത്രത്തെപ്പങ്കിട്ടാർ
ചീട്ടിട്ടാർ തന്ന-ങ്കി-ക്കായ്

4 വിശ്വസ്ത സഭാമക്കൾക്കായ്
സ്ലീബാ കെല്പിയലും വലുതാം
ആയുധമായ് തീർത്തോൻ ധ-ന്യൻ

5 ദുഷ്ടൻ തൻ സേനകളിവയിൽ-
വിശ്വാസിനിയാം വിമല സഭ-
ക്കാകട്ടെ സ്ലീബാ-കോ-ട്ട
ബാറെക്മോർ, ശുബഹോ... മെന ഓലം...

6 സ്ലീബായാൽ സഭ രക്ഷിതയായ്
സ്ലീബായേ വെടിയാത്തതിനാൽ!
സ്ലീബായതിനെ കാ-ക്കു-ന്നു
സ്തൗമെൻ കാലൊസ് കുറിയേലായിസ്സോൻ

## പ്രൊമിയോൻ- സെദ്റ

## കോലോ

## കൂക്കോയോ

1 മൃതിയേ രുചിച്ചാൻ ദേവേശൻ-സ്ലീബാമേലേറി
പാതാളക്കോട്ട തകർത്താൻ-മൃതലോകം പൂകി
കതകുകളും ചെ-മ്പോടാമ്പലുമൊപ്പം
അഴകറ്റോനാ-മാദാമിനു ജീവൻ
നൽകിത്തന്നുത്ഥാനത്തെ-നമ്പിടുമാദാമിൻ
സുതർ യാനം ചെയ്യേണ്ടോരാ-ക്കബറീന്നും പറുദീസ്
ഹാലേലുയ്യാ-പൂകും വഴികാട്ടി
ബാറെക്മോർ, ശുബഹോ... മെന ഓലം...

2 ജഗതീനാഥൻ ദൈവസുതൻ-സ്കീപ്പാ-യിന്മേൽ
മൗലിനമിച്ചാത്മത്തെത്തൻ-പിതൃപാണിയിലേകി
പാറകൾ കീറി-ക്കല്ലറകൾ വിണ്ടു

സൃഷ്ടികളെല്ലാ-മാശ്ചര്യം പൂണ്ടു
ദൈവസുതന്റെ വിലാവയ്യോ-യൂദന്മാർ ചീന്തി
പുണ്യം ലോകത്തിനു നൽകും-ജലവും ശോണിതവും
ഹാലേലുയ്യാ-പ്രവഹിച്ചതിൽനിന്നും.

## വീണ്ടും കോലോ

വൃക്ഷത്തിന്മേൽ പാണിപദങ്ങളിലാണിയടി-
ച്ചുടയോൻ ക്രൂശിതനായപ്പോൾ മോചനമർത്ഥിച്ചൊരു, ചോരൻ
തൻ വിശ്വാസം ബഹു ശ്രേഷ്ഠം-ചൊന്നാൻ പോക്കുക മമ ദോഷം
ശീമോൻ കണ്ടു നിഷേധിച്ചാൻ നിന്നാൻ യൂഹാനോനകലെ
ഘോഷിച്ചാൻ ചോരൻ നാഥാ - ഓർക്കണമെന്നെ നിൻ രാ-ജ്യേ
ബാറെക്മോർ, ശുബഹോ... മെന ഓലം...

തരുവിൽ തൂങ്ങി തസ്കരരിടയിൽ വിടർന്നവനാം!
സുതനേക്കണ്ടഗന്യാത്മീയർ-തൻ നിവഹം-വിസ്മയമാണ്ടു
തൻ നഗ്നതയേ കാണായ്‌വാൻ-കതിരോൻ കതിരുകളെ മൂടി
ആംഗ്യത്താൽ വാനത്തെയും-വീര്യത്താൽ ഇക്ഷിതിയെയും
തീർത്തോൻ തൻ നഗ്നതയേ കണ്ടൂഴിയും-മംബരവും ഞെട്ടി

## അല്ലെങ്കിൽ

1. കള്ളന്റെ വിശ്വാസം ഏറ്റവും വലുതും / യഥാർത്ഥവുമായിരുന്നു മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവന്റെ നാഥനോടു / അവൻ പാപപരിഹാരം യാചിച്ചു. അവന്റെ കൈകളും കാലുകളും ആണികളാൽ തറക്കപ്പെട്ടു. എന്റെ അകൃത്യം ക്ഷമിക്കണമേ എന്നവൻ പറഞ്ഞു. ശെമവോൻ തന്നെ ഉപേക്ഷിച്ചു പറഞ്ഞു. യൂഹാനോൻ അകലെ നിന്നു. നിന്റെ രാജ്യത്തിൽ നീ എന്നെ ഓർക്കണമേ എന്നു കള്ളൻ അട്ട-ഹസ്സിച്ചു പറഞ്ഞു.

ബാറെക്മോർ, ശുബഹോ... മെന ഓലം...

2. മരത്തിന്മേൽ തൂക്കപ്പെട്ടും കള്ളന്മാരുടെ-യിടയിൽ വിധിക്കപ്പെട്ടും കിടക്കുന്ന പുത്രനിൽ / അഗ്നിമയന്മാരും ആത്മമയന്മാരുമായ ഈറേന്മാരുടെ കൂട്ടങ്ങൾ അത്ഭുതപ്പെട്ടു. സൂര്യൻ അതിന്റെ കിരണങ്ങൾ തന്റെ നഗ്നത കാണാതിരിക്ക തക്കവണ്ണം ഒതുക്കിക്കളഞ്ഞു. സ്വശക്തിയാൽ ഭൂമിയേ രൂപപ്പെടുത്തു-കയും / ആംഗ്യത്താൽ ആകാശത്തെ വിരിക്കുകയും ചെയ്തവൻ വസ്ത്രമുരിഞ്ഞും നഗ്നനായും കിടക്കുന്നതു / ആകാശവും ഭൂമിയും കണ്ടപ്പോൾ ഇളകിപ്പോയി.

## ബോതേദ് ഹാശോ

ഞങ്ങൾക്കായ് നീയേറ്റൊരു പീഢാ
താഴ്ചകളേറ്റം ധന്യം നാഥാ!

1 ഉരുകിപ്പോയില്ലാണികൾ കയ്യിൽ
വെന്തില്ലേതും നിൻ ഹന്താക്കൾ
സ്വയമെ താണൊരു-സിംഹകുട്ടി
ഏദനിൽ മൃതനാമാദാമിന്നുയിർ
നൽകാൻ പീഢാമൃതി നീയേറ്റു

2 ക്രൂശിൽ മൃതിയേറ്റോന്നുച്ചത്തിൽ
ഘോഷിച്ചപ്പോൾ ശിലകൾ വീണു
തീയേറ്റതുപോൽ- കല്ലുകൾ കീറി
ബഹു സംഭ്രമമൊടലറീ ഭൂമി
പെൺസിംഹം പോൽ സൃഷ്ടികൾ ചീറി

3 പ്രഭയോലും പൂക്കൾക്കായ് പകരം
ദാഹിച്ചപ്പോൾ കടുവീഞ്ഞേകി
റോസാ-പുഷ്പ-ങ്ങൾക്കായ് പകരം
അവിവേകത്താൽ ആദുഷ്ടന്മാർ
മുള്ളിൻ മുടിതൻ തലയിൽ ചാർത്തി

4 പാടേറ്റോനേ! ജീവാത്മജനെ!
റൂഹാസഹിതം തതനിലേകാ!
സ്തുതി തേ സ്തുതിയാം-താരും സർവ-
സ്തോത്രപ്പൂവിൻ കുലയും തേജോ
മകുടത്തിന്മേലണിയിക്കുന്നു

നിൻ വിധി ചെയ്തോർ-വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതെ-ഞങ്ങളെയീശാ മൊറിയോറാഹേം...

## മാർ യാക്കോബ്

മശിഹാ സ്കീ-പ്പാ മൃതി
കഷ്ടതകൾക്കായ് വ-ന്നോനേ
പ്രാർത്ഥന കേ-ട്ടിട്ടാത്മാ-
ക്കളിലൻപുണ്ടാ-കേണം
ദേവാ! ദയയുണ്ടാകേണം-
നാഥാ! കൃപതോന്നണമൻപാൽ

1 ചൊന്നാൾ ദുഖ-ധ്വനിയൊടേവം ഞാൻ ശ്രദ്ധിച്ചു
ചൊല്ലുന്നൊരാ-വചനമതെന്തെന്നറിവാ നായി
നാഥാ! സീ-യോൻ കോട്ട തകർക്കട്ടെ നിൻ സ്ലീബാ
നിന്നെ ദ്വേ-ഷിച്ചോരു കണ്ണുകളന്ധത പൂകട്ടെ ദേവാ..

2 പാടേറ്റോ-നെ പാടിനു വിട്ടൊരു താതൻ-സ്തുത്യൻ
പീഢാ ഹീ-നാ സ്തുതി ഞങ്ങൾക്കായ് പാടേ-റ്റോനേ
റൂഹ്കുദിശാ! പീഢാമൃതിഹീനാ! വന്ദിക്കുന്നേൻ
ത്രിത്വ പ്രഭ-യാമേക പ്രകൃതത്തിന്നായ് സ്തോത്രം
ദേവാ..

നാഥാ ഭൂവാനം നിൻപീഢയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു
ദേവാ..

## കുംപൗലോസ്

ധന്യൻ തൻ മൃതിയാൽ-മരണത്തേക്കൊന്നു
പാതാളസ്ഥർക്കായ്-വിടുതൽ കൊടുത്തോൻ

1 സൃഷ്ടികളെയെല്ലാം-കൈകളിലേന്തിക്കൊ-
ണ്ടുടയോൻ നിന്നാനാ-ക്കാൽവരി മീതെ
വീഴ്ച ഭവിച്ചോനാ-മാദാമിൻ പേർക്കായ്
രക്ഷകനായ് പാരിൻ-നടുവിലുദിച്ചാൻ
സൃഷ്ടികളെ ജീവ-ധ്വനി കമ്പിപ്പിച്ചു
തിരുമഹിമാവോതാൻ-പരിശുദ്ധന്മാർക്കയിരേകി
ഭൂസ്വർഗ്ഗങ്ങൾ തൻ-മധ്യേ ക്രൂശിതനായ്
സ്കീപ്പായാലെങ്ങും-ശാന്തി പരന്നു

2 സ്കീപ്പായ്ക്കാർന്നോ-രേകസുതൻ തന്നെ
യെറുശലേംകാരാം-സ്ത്രീകൾ ദുഷിച്ചു
അറിയാതെന്നാലും-പ്രവചന വാക്യത്തിൽ
ശാപത്തെ ഘോഷി-ച്ചധികം കേണു
ഘാതക ഘഡ്ഗത്തോ-ടടിമത്വത്തിന്നായ്
പോയീടുന്നതിനാ-ലേവം പാ-രം രോ-ദിച്ചു.
നിരുപമ സന്തോഷം- നൽകിയവന്നായ്
നാരികളെ കേഴു-ന്നെന്തിനു നിങ്ങൾ

3 സ്പർധാധിക്യത്താൽ ഹതനാം കർത്താവെ!
ഡംഭികൾ നിൻ-മൃതിയിൽ-വെന്തീടട്ടെ
സ്കീപ്പായിന്മീതെ-ഹതമാം തേജസ്സെ
വഞ്ചകരെ കല്പി-ചില്ലാതാക്കൂ
സൃഷ്ടികളിൽ വാക്കും-പ്രഭയും ചേർപ്പോനേ!
ഏറ്റം താണതിനാ-ലവ നിന്നെ-ക്കീർത്തിക്കട്ടെ

തിരുബഹുമാനത്തെ-നിരസിച്ചോരാകും
ജനതക്കായ് ശാപം-ഘോഷിക്കട്ടെ.

4 സൃഷ്ടിസമൂഹത്തിൻ-പതിയേ ക്രൂശിതനായ്
സ്ലീബാവൃക്ഷത്തിൽ ദർശിച്ചപ്പോൾ
ആത്മീയന്മാർ തൻ-നിവഹം ക്ഷോഭിച്ചു
അഗ്നിമയന്മാരും സംഭ്രമമാണ്ടു.
ക്രൂശകവൃന്ദത്തെ-ചെന്നു നശിപ്പിപ്പാൻ
ഗബ്രിയേൽ നോക്കീ-തോഴൻ മീഖായേൽ താനും
തിരുവുള്ളത്താൽ താൻ-തരുവിൽ ക്രൂശിതനായ്
അഗ്നിമയന്മാരെ! ക്ഷോഭിക്കേണ്ട

5 ഏകതനുജൻ തൻ-മഹിമയെയേറ്റോതി
സ്തോത്രം ഘോഷിച്ചാൻ-മോഷ്ടാവിന്നാൾ
അതിഭാസ്സോടീശാ-നീ നിൻ രാജ്യത്തിൽ
വന്നീടുന്നേര-ത്തോർക്കണമെന്നെ
എൻവരവോളം നീ-കാക്കേണ്ടെന്നോതീ-
ട്ടുയിർഗ്ഗതിയാകുന്നോ-രച്ചാരത്തെത്താ-നേകീ
മാമകതത്വത്തെ-നമ്പിയ മർത്യാ! നീ
ഈ ദിനമെത്തീടും-പറുദീസായിൽ

6 ധർമ്മവിഹീനന്മാർ-തരുവിൽ-ക്രൂശിച്ചോ-
രുടയോനേക്കണ്ടി-ട്ടടിയാൻ സൂര്യൻ
കതിരുകളേ നീക്കി-സ്കീപ്പായിന്മീതെ
ഭൂപതിയർഹിക്കും-ബഹുമതി നൽകി
അന്ധത പൂണ്ടീടും-ജന നിവഹത്തിന്മേ-
ലെങ്ങനെയാ സൂര്യൻ-സ്വപ്രഭയേ ശോഭി-പ്പിക്കും
ക്രൂശകവൃന്ദത്തി-ന്നൊളി നൽകീടായ്വാൻ
രശ്മികളെയർക്കൻ-നിഷ്പ്രഭമാക്കി

7 ജീവമയൻ ജീവൻ-മണ്മയനേകീടാൻ
സ്ലീബായിന്മീതെ-മരണം പൂണ്ടു

സാക്ഷിച്ചീടുന്നു-തൻ മൃതിയേ വെള്ളം
ഘോഷിക്കുന്നേറ്റം-ജീവനെ രക്തം
ദൈവിക കുഞ്ഞാടെ! നിൻ മൃതി സത്യം താൻ
ഉന്നത പുത്രാ നീ-ജീവനെഴുന്നോൻ-സത്യംതാൻ
ഉയിരുടയോനാം നീ-മൃതനായ് വാഴുന്നു
ഭൂമിയിലും മേലും-സീമയിലെങ്ങും.

## കുലുകുൻ ആമ്മെ
## കള്ളന്മാരുടെ സംവാദം

1 ഭൂജാതികളെ! വന്നെത്തി-
തസ്കരനാദം ശ്രദ്ധിപ്പിൻ
തൻ മധ്യ ഗതം സംവാദം
നേരായാരാഞ്ഞീക്ഷിപ്പിൻ

2 മധ്യേ കർത്താവിൻ സ്കീപ്പാ
ചായാത്തൊരു ന്യായാധിപനായ്
സത്യമെഴും ത്രാസെന്നോണം
തദ്വചനം നന്നായ് തൂക്കി

3 നിഖിലേശനൊടോതീ ചോരൻ
നിൻ വരവിൻ നാളോർക്കെന്നെ
അവ്യയരാജ്യേ കാരുണ്യം
തടവെന്യേ ഞാൻ കാണട്ടെ

4 ഇടതുവശത്തായ് ക്രൂശേറ്റോൻ
തോഴൻ കേട്ടേവം ചൊന്നാൻ
എന്തിനിവൻ രാജാവെങ്കിൽ
നിന്ദ്യ സ്കീപ്പാമേലേറി

5 നിൻ സ്നേഹിതനാം ഞാൻ നമ്പി

സ്ലീബായാൽ നാം വേർപെട്ടു
വെണ്മയണിഞ്ഞോൻ രക്തത്താൽ
ഉയിരരുളീ ധൈര്യം പൂണ്ടേൻ

6 നമ്മെപ്പോലാണികളേന്തി
പാടേല്പതു കാണുന്നില്ലേ
രാജ്യം തരുവോനാമെങ്കിൽ
സ്വയമൊഴിവാകട്ടെ നമ്പാം

7 കർത്തൃവചസ്സാം താക്കോലാൽ
ഏദൻ തോട്ടം പൂകം ഞാൻ
നീ തെറ്റിപ്പോയ് തെറ്റവനിൽ
ചോന്നെന്നെ തെറ്റിക്കേണ്ട

8 തരുവിൽ നമ്മെപ്പോൽ തൂങ്ങി
കഷ്ടത നമ്മേക്കാളേറ്റാൻ
രാജാവെങ്കിൽ ലെഗിയോനാ
വന്നിഹ ശാപം നീക്കട്ടെ

9 ഈശോ പാരിൽതരുവിന്മേൽ
വാനത്തഗ്നിത്തേരിന്മേൽ
പ്രകൃതികളുടയോനെയേറ്റു
തൻ ക്രൂശേറ്റത്താൽ വെമ്പി

10 നിൻ ശ്രേഷ്ഠനെ നീ സൂക്ഷിക്ക
മുതുകിൽ ചാട്ടപ്പാടില്ലേ
നീ മഹിമയവന്നോതുന്നു
നീ ചൊന്നതിന്നെയാർ നമ്പും

11 ആദാമിൻ ശാപം പോക്കാൻ
മൺമുള്ളുകളെത്തൻ മുള്ളാൽ
നീക്കിയൊരീശോ നൃപനല്ലാ

താർക്കം കഴിവില്ലതു ചെയ്യാൻ

12 അരുളിയപോൽ സ്കീപ്പായേറ്റോൻ
പറുദീസ നിനക്കേകട്ടെ
നീ കാണാത്തൊരേദനിലേ
ക്കെങ്ങനെയവനേറ്റും നിന്നെ

13 ഈ മരണം പാതാളത്തിൻ
പ്രാഗൽഭ്യത്തെ മായിച്ചു
അതിനെത്തൻ നാദം വീഴ്ത്തി
ധൂളിപ്പാൻ താൻ പൂകുന്നു

14 ഞെങ്ങി ഞെരുങ്ങിപ്പാടേറ്റാൻ
കൈപ്പു കുടിച്ചു കുത്തേറ്റു
കഷ്ടത നിറയുന്നോനേ ഞാ-
നെങ്ങിനെ രാജാവെന്നോതും

15 പാറകൾ പിളരും നാദത്തെ
ശ്രദ്ധാപൂർവം കേട്ടാലും
സിദ്ധാന്ധികളോന്നിക്കുന്നു
എന്തിനവിശ്വാസം തോഴാ!

16 സൃഷ്ടികളിളകീ ഭൂതങ്ങൾ
ഞെട്ടീ നീ കൂസുന്നില്ല
കല്ലുകൾ ചിന്നീ വ്യാജം വി-
ട്ടേറ്റു പറഞ്ഞേൽക്കുക ജീവൻ

17 ആരാഞ്ഞാൽ തൻ മാഹാത്മ്യം
പലതും നിന്നോടോതീടും
സൃഷ്ടികളവനെ സാക്ഷിപ്പു
ഇളകുന്നഖിലം തൻ പാടിൽ

18 ലിഖിതം മൂലം രാജാവെ
ന്നിവനെ വിളിച്ചാൻ പീലാത്തോസ്
സാക്ഷികൾ പോലവരാർത്തതിനാൽ
നൃപനെന്നോതിയിടയേണ്ട

19 നമ്മൾക്കിടയിൽ സ്കീപ്പായ-
ങ്ങതിരാം കുഴി നീയേറീടാ
വാമസുതാ! നിൻ സ്ഥലമേൽക്ക
വലതുവശം മാമകമല്ലോ

20 സ്ലീബ തുറന്നു പാതാളം
സൂര്യനിരുണ്ടു ക്ഷിതി ഞെട്ടി
രണ്ടായ് വാതിൽമറ കീറി
സർവം സാക്ഷിച്ചുടയോനേ

21 ഭ്രമരവവും സൃഷ്ടികളെല്ലാ-
മുഴറും ധ്വനിയും നീ കേൾക്ക
തൻ ശബ്ദത്താൽ ഭീയാർന്നീ-
ഭൂ ഭിത്തികളാടീടുന്നു

22 പാതാളത്തിന്നെത്തീടും
മൃതരുടെ ബഹളം തോഴാ കേൾ
ഞാൻ നമ്പിയ ജീവപ്രദനാ-
മേശുവിനെ നീ സൂക്ഷിക്ക

23 ആദാമുണരാൻ മൃതിയേറ്റാൻ
മൃതിഗതരവനെ നോക്കുന്നു
അവനാദത്തെ വിടുവിക്കു-
ന്നേദനിലെന്നെയേറ്റുന്നു

24 ഹാ! സ്വഹിതത്താൽ മൃതിയേറ്റ

പരസുതനെ ദുഷിച്ചീടുന്നോ?
പൊത്തുക ദുഷിയേറും വായ് നീ
ഞാൻ നമ്പിയ സ്ലീബാ ധന്യം

25 ഏറ്റുപറഞ്ഞേതൻ താനൊ
ത്തവനേറിടുമെന്നോതുകയാൽ
നാഥാ നിന്നെയേറ്റോരാം
ഞങ്ങളെ വരവിൻ നാളോർക്ക

## ഏവൻഗേലിയോൻ

### കൗമാ

മൃതിയാ-ലടിയാരുടെ മൃതിപോ-ക്കിയ മശിഹാ
മൃതരാ-യോർക്കയിരും ഞങ്ങൾക്കരുൾ കൃപയും (3 തവണ)

നാഥാ, തേ! സ്തുതിയും...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...

# സ്ലീബാ ആരാധന

## ഒന്നാം പ്രദക്ഷിണ ഗീതം

സ്ലീബാ തോളിന്മേൽ താങ്ങി
ക്കോട്ടയേ വിട്ടു പുറപ്പെട്ടാൻ
നെടുവീർപ്പൊടു നിലവിളി കൂട്ടാൻ
മേളിച്ചെബ്രായാംഗനമാർ
അറിയുന്നൊരേവരുമോന്നി
ച്ചകലത്തായ് നിന്നാൾ ജനനീ
ബഹു സങ്കടവും വ്യാകുലവും
പൂണ്ടവൾ പ്രാവുസമം കേണു

എങ്ങെന്മകനെ! വൽസലനെ !-
യെങ്ങിവർ നിന്നെ നയിക്കുന്നു
വിദ്വേഷികളുടെ കൈകളിൽ നീ-
യെന്തിനു തനിയേ യേല്പിച്ചു?
ഹ ! മകനെ ! മമവൽസലനെ!
എന്തു നിനക്കു ഭവിച്ചിന്നാൾ
ഞങ്ങൾക്കായുളവായൊരു നിൻ
വ്യഥയും താഴ്ചയുമ-തി ധന്യം

അല്ലെങ്കിൽ

Cross He carried on shoulders
As He came out from the fort
Hebrew women assembled
Weeping and wailing for Him
Holy Mother stood afar
With her kin waiting for Him
Overcome with grief and pain.
Like a dove she moaned and cried,

'Where, where are they taking you
My Son, my beloved one?
O, why Thou did Thyself give
Unto these unrighteous ones?
My Son, my beloved One
O, what has befallen Thee?
Blessed is Thy lowliness
And passion all - for - our - sake!

അല്ലെങ്കിൽ

നമ്മുടെ കർത്താവു സെഹിയോൻ കോട്ടയുടെ ഉള്ളിൽനിന്നു പുറപ്പെട്ടപ്പോൾ തന്റെ സ്ലീബായേ തോളിൽ വഹിച്ചു. സങ്കട-ത്തോടെ തന്നേക്കുറിച്ചു കരയുവൻ എബ്രായ സ്ത്രീകൾ കൂ-ട്ടമായി കൂടി. തന്റെ മാതാവും അവളെ അറിയുന്ന

എല്ലാ-വരും ദൂരെ നിന്നു. മാതാവു വലിയ സങ്കടത്തോടും ദുഖത്തോടും കൂടെ ' എന്റെ പുത്രാ, നീ എവിടേക്കു പോകുന്നു? എന്റെ വാൽസല്യവാനെ നീ എവിടേക്കുപോകുന്നു. ഇവർ നിന്നെ എവിടേക്കു കൂട്ടിക്കൊണ്ടു പോകുന്നു'. എന്നു പ്രാ-വിനെപ്പോലെ കുറുകിക്കരയുവാൻ തുടങ്ങി.
അയ്യോ! നിഷേ-ധികളായ ജനത്തിന്റെ കയ്യിൽ നീ നിന്നെ എന്തിനു ഏല്പിച്ചു കൊടുത്തു? എന്റെ പുത്രാ എനിക്കു കഷ്ടം! എന്റെ വാൽസല്യവനെ എനിക്കു കഷ്ടം! ഇന്നു നിനക്ക് എന്തു സംഭവിച്ചു? ഞങ്ങൾക്കുവേണ്ടിയുണ്ടായ നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

## പ്രാരംഭ പ്രാർത്ഥന

ദൈവമെ നിന്റെ കൃപപോലെ...

## എനിയോനോ

1 സീയോനിൽ-തരുവിൽ ക്രൂശേറ്റോനേ
സ്ലീബായാൽ-ലോകം രക്ഷിച്ചോനേ
ദേവാ! ദയ ചെയ്തീടണമേ.

2 സീയോനിൽ-തരുവിൽ ജീവരവത്താൽ
സൃഷ്ടിഗണ-ത്തേക്കമ്പിപ്പിച്ചോനേ ദേവാ...

3 കൈപ്പും കാ-ടിയുമുൾക്കൊണ്ടടിയാർ തൻ
കഷ്ടതയിൻ-കൈപ്പിനെ മായിച്ചോനേ ദേവാ...

4 വിഗ്രഹവ-ന്ദനയിൽ നിന്നും നമ്മെ
കാത്തൊരു സ്ലീ-ബായേ വന്ദിച്ചീടാം ദേവാ...

5 മൃതരായോർ-ശോഭനമാം മോദത്തിൻ
മണവറ പൂ-കീടാൻ കർത്ത്യ സ്ലീ-ബാ
വഴിയും-പാലവുമാകട്ടെ ദേവാ...

6 സ്ലീബായിൻ-പീഢകളെ കൈക്കൊണ്ടു
തൻ തലയി-ന്മേൽ മുൾമുടിയേറ്റോനേ ദേവാ...

7 കുന്തത്താൽ-കുത്തുവിലാവതിലേറ്റു
നിണവും നീ-രും-പ്രവഹിപ്പിച്ചോനേ ദേവാ...

8 തിരുവുള്ള-ത്താൽ സ്വയമായേല്പിച്ചു
മർത്യാത്മാ-ക്കളെ മോചിപ്പിച്ചോനേ ദേവാ...

9 സ്കീപ്പായി-ന്മേൽ ഈൽ, ഈൽ എന്നാർത്തു
ഭൂമിയെയോ-ന്നായ് വിറകൊള്ളിച്ചോനേ! ദേവാ...
ബാറെക്മോർ, ശുബഹോ... മെന ഓലം...

10 സ്തുതി താതാ! പഴകിയ രൂപം കാപ്പാൻ
ഏകാത്മ-ജനെ പ്രേഷിപ്പിച്ചോനേ!

ദേവാ! ദയ ചെയ്തീടണമേ കുറിയേലായിസ്സോൻ

## സങ്കീർത്തനം

1 എന്റെ ദൈവമെ എന്റെ ദൈവമെ നീ എന്നെ കൈവിട്ടതെന്തിനു?
ഗോഗുൽത്തായിൽ-സോദരരേ
ദർ-ശിച്ച മഹാശ്ചര്യത്താൽ ഞാൻ സംഭ്രമമാർന്നു
ദൈവം തരുവിൽ ക്രൂശിതനായ്-
ദുഷി ദോഷികളീന്നേൽക്കുന്നു-വിണ്ണോരെ! മണ്മയരെ
തന്നെ വാഴ്ത്തിൻ നിത്യം. കുറിയേലായിസ്സോൻ

2 ദൈവമെ പകൽസമയത്തു നിന്നെ ഞാൻ വിളിക്കും
സ്ലീബാത്തരുവിൽ-വചനമതാം
ദൈ-വം വിരിവാർന്നതിനാ-ലതു പാരം ധന്യം!
നാമതിനാൽ വന്ദിച്ചീടു-ന്നാശയുമഭയവുമാം തന്നെ
ആർത്തീടാൻ-ചൊന്നവനാം

തന്നെ വാഴ്ത്തിൻ നിത്യം. കുറിയേലായിസ്സോൻ

3 എന്റെ കൈകളും കാലുകളും അവർ കുത്തിത്തുളച്ചു
കർത്താവെ! നിൻ-സ്ലീബായേ
കൂ-പ്പിക്കീർത്തിച്ചതിൽ ഞങ്ങൾ ശരണംതേടുന്നു
ദോഷിയിൽ നിന്നും രക്ഷിപ്പാൻ
ചൂടുന്നതിനെ-ലലാടത്തിൽ
സ്ലീബായിൽ-ക്രൂശിതനാം
തന്നെ വാഴ്ത്തിൻ നിത്യം. കുറിയേലായിസ്സോൻ

4 അവർ എന്നെ സൂക്ഷിച്ചു നോക്കി
വന്ദിക്കുക നാം-സ്ലീബായേ
ബിം-ബാരാധനയേ നീക്കിത്തടവെന്യേ-യാനം ചെയ്‌വാൻ
ജീവപഥത്തേക്കാട്ടിയതാം
സ്ലീബായേക്കൊണ്ടാടീടാം
ഘോഷിക്കാം-സർവ്വരുമെ!
തന്നെ വാഴ്ത്തിൻ നിത്യം
ബാറെക്മോർ, ശുബഹോ...മെന ഓലം...

5 കർത്താവെ എന്നിൽനിന്നും നീ അകന്നുപോകരുതെ
വന്ദിക്കുന്നോ-ർക്കായുധവും
കോ-ട്ടയുമായും ക്രൂശിതനെത്തള്ളുന്നോർ-
ക്കെല്ലാമതി വീഴ്ചയുമായും
സ്ലീബായേ തീർത്തോൻ ധന്യൻ!
തന്നാഗമനെ ഹിതമില്ലാ-
തവർതന്നേക്കൊണ്ടാടീടും

മറിയാം പറഞ്ഞതെന്തെന്നാൽ, / എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു.
എന്റെ ആത്മാവു എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു.
ഏന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയേ നോക്കി കണ്ടിരിക്കുന്നു.
കണ്ടാലും ഇതു മുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനുമായവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ടു ജയം ഉണ്ടാക്കി തങ്ങളുടെ ഹൃദയ വിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു.

അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ടു സമ്പൂർണരാക്കുകയും സമ്പന്നന്മാരെ വ്യർഥമായി അയക്കുകയും ചെയ്തു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനൊടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ, ശുബഹോ... മെന ഓലം...

## ലേക് ഫായോ ദെൻ കാലെസ്

1 ദേവേശാ! മശിഹായേ
സ്ലീബാതൻ തരുവിന്മേൽ നീ
ക്രൂശിതനായപ്പോൾ ഭുവനത്തെ സീ-മകളോളം
ശോഭിപ്പിച്ചതിനാൽ സ്തുത്യൻ.

2 രക്ഷകനെ! സ്ലീബായാൽ
ദ്വേഷമെഴും ദോഷിയെവെന്നു
സ്വർഗ്ഗമഹാരാജ്യവുമുയിരും നേ-ടീട്ടടിയാർ
നിൻ കൃപയെ സ്തോത്രം ചെയ്യും.

3 ദേവേശാ! മശിഹായേ
വിഗ്രഹസേവ ദുരാത്മഭയം

എന്നിവയിൽനിന്നടിയങ്ങളെ ര-ക്ഷിച്ചതിനാൽ
നിൻ സ്ലീബായെ നമിക്കുന്നു

4 ഉന്നതനാം ദേവേശാ!
സ്വർഗ്ഗസ്ഥാ കൃപയാൽ സഭയിൽ
പുണ്യത്തിൻ ബലിപീഠത്തെ സ്ഥാ-പിച്ചോനേ
പരിശുദ്ധൻ നീയെന്നേക്കും

ലമശിഹോ ദെതെരീം

1 വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാൻ-ശാപമെഴും
യൂദന്മാർ ഗോഗുൽത്തായിൽ
തരുവിന്മേൽ ക്രൂശിച്ചവനാം-സർവർക്കും-
പ്രാണദനാകും മശിഹായേ
തന്മൂലം സ്തുതി സതതം-ചെയ്തീടുന്നെങ്ങൾ

2 വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാ-നേറുശലേം
ഗോഗുൽത്തായിൽ ക്രൂശേറ്റാൻ
ഗഗനത്തിൽ പകലോൻ മങ്ങീ-ശില ചിതറി
മൃത്യുഗതന്മാരുയിർ പൂണ്ടു
തന്മൂലം സ്തുതി സതതം-ചെയ്തീടുന്നെങ്ങൾ

3 വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാൻ-ശാപമെഴും
യൂദന്മാരേറുശലേമിൽ
കർക്കപ്സായിൽ തരുമയമാം-സ്ലീബാമേൽ
ക്രൂശിച്ചവനാം മശിഹായേ
തന്മൂലം സ്തുതി സതതം-ചെയ്തീടുന്നെങ്ങൾ

ബാറെക്മോർ, ശുബഹോ... മെന ഓലം...

4 ജീവസ്ലീബായേ സ്തുതിചെയ്തും
നതിചെയ്തും സ-മ്മാനിച്ചും
സാനന്ദം ചൊല്ലുന്നടിയാർ
ക്രൂശിതനായ് ദോഷിയിൽനിന്ന-ങ്ങടിയാരെ
രക്ഷിച്ചോൻ മശിഹാ ധന്യൻ
താന്മൂലം സതതം ഞങ്ങൾ-വന്ദിച്ചീ-ടുന്നു.

## സങ്കീർത്തനം 113

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യൻ-മാരെ സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദി മുതൽ എന്നേക്കും വാഴ്ത്തപ്പെട്ട-താകുന്നു. സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമയം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവു സകല ജാതികൾക്കും മേൽ ഉന്നതനും അവന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു. ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന / ദൈവമായ കർത്താവിനൊടു സദൃശ്യൻ / ആകാശത്തിലും ഭൂമിയിലും ആരുള്ളു.

അവൻ എളിയവനെ / ജനത്തിന്റെ പ്രഭുക്കന്മാരോടു കൂടെയിരി-ക്കേണ്ടതിനു / കുപ്പയിൽ നിന്നു ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി / ഭവനത്തിൽ വസി-ക്കുമാറാക്കുകയും ചെയ്യുന്നു.

ബാറെക്മോർ, ശുബഹോ... മെന ഓലം...

1. ഹാ ! സ്കീപ്പായിൽ-നാഥൻ സത്യം ദ്വേഷിച്ച
യൂദന്മാരാൽ നമ്മൾക്കായ്-ക്രൂശേൽക്കുന്നു

2. ആചാര്യേശന്മാർ-തരുവിന്മേലിവനെ ക്രൂശി-
ക്കെന്നേവം നേരറ്റോരാം-സേവകരൊത്താർത്തു

3. യൂദന്മാർ മധ്യേ - അടിയും നിന്ദയുമേറ്റോനേ-
പ്രതി കടലും കരയും വാനും-പേടിച്ചഞ്ചുന്നു

4. ക്രോബേന്മാരും-സ്രാപ്പികളും കാദീശാർത്തു
ഭോഷന്മാരാം യൂദന്മാർ-തരുവിന്മേൽ ക്രൂശിക്കെന്നും.

## യൗമോനോ അർക്കെൻ

1 ഇന്നാൾ വിധിഗേഹേ-ജഗതീ വിധിനാഥൻ
മൗലി നമിച്ചേറ്റാൻ-കുറ്റം ദാസൻപോൽ

2 ഇന്നാൾ യൂദന്മാർ-വർഷിച്ചീശോയാം
ദൈവത്തിൻ മുൻപിൽ-നിന്ദാക്ഷേപങ്ങൾ

3 ഇന്നാൾ നിർമ്മിച്ചാർ-മുൾമുടി മന്നിതിനെ
പൂവല്ലികളാലെ-ഭൂഷിപ്പിച്ചോനായ്

4 ഇന്നാൾ വിധി ചെയ്താർ-ദുഷ്ടനെയെന്നോണം
രാജാക്കന്മാർക്കായി-ന്യായം തീർപ്പോനേ

5 ഇന്നാൾ ഘോഷിച്ചാ-രീശോ മശിഹായേ
ക്രൂശിക്കെന്നേവം-പീലാത്തോസോടായ്

6 ഇന്നാൾ ശ്ലീഹന്മാർ-തൻ നിരയിൽനിന്നും
നീങ്ങിയ വഞ്ചകനാം-യൂദാക്കയ്യയ്യോ!

7 ഇന്നാൾ തരുവിന്മേൽ-തൂങ്ങിയ ദൈവത്തെ
ഇക്ഷിതി കണ്ടപ്പോ-ളൊന്നായി വിറകൊണ്ടു

8 ഇന്നാളിരുളാർന്നു-സൂര്യൻ ഗഗനത്തിൽ
ജ്യോതിസ്സുകൾ മങ്ങീ-സൃഷ്ടികൾ വിറപൂണ്ടു

9 ഇന്നാൾ സ്വപദം പൂ-ണ്ടാദാം, ക്രൂശിതനാം
മശിഹായാൽ കെരുബിൻ-കുന്തം നീങ്ങിപ്പോയ്

10 ഇന്നാൾ തലതാഴ്ത്തി-ത്താൻ മൃതിയേറ്റതിനാൽ
മൃതരായൊർക്കെല്ലാ-മുയിരേകീടുന്നു

11 ഇന്നാൾ പട്ടക്കാർ ശാസ്ത്രി പരീശന്മാർ
മശിഹായെപ്പകയാൽ-തൂക്കി തരുവിന്മേൽ

12 ഇന്നാൾ മാതാവാം-മറിയാമൊടു ചൊന്നാൻ
കേഴെണ്ടാ കേഴു-യെറുശലേമിന്നായ്
ബാറെക്മോർ, ശുബഹോ...മെന ഓലം...

13 ഇന്നാൾ സ്ലീബായെ-വാഴ്ത്തി നമിച്ചീടാം
ക്രൂശിതനെയെന്നും വാഴ്ത്തുന്നടിയങ്ങൾ

## vi. മത്തായി 5:3-12

ആത്മാവിൽ ദരിദ്രതയുള്ളവർ ഭാഗ്യവാന്മാർ, / എന്തുകൊണ്ടെ-ന്നാൽ സ്വർഗ്ഗരാജ്യം അവരുടെയകുന്നു.

ദുഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, / എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, / എന്തുകൊണ്ടെന്നാൽ അവർ ഭൂമിയേ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവരുടെമേൽ കരുണയുണ്ടാകും.

ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെ-ന്നാൽ അവർ ദൈവത്തിന്റെ മക്കൾ എന്നു വിളിക്കപ്പെടും.

നീതി നിമിത്തമായി പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, / എന്തുകൊണ്ടെന്നാൽ സ്വർഗ്ഗ രാജ്യം അവരുടെയാകുന്നു.

അവർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും എന്റെ നിമിത്തം സകല ദുർ വചനവും / നിങ്ങളുടെ നേരെ വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരി-ക്കകൊണ്ടു നിങ്ങൾ സന്തോഷിച്ചാനന്ദിപ്പിൻ.

ബാറെക്മോർ, ശുബഹോ... മെന ഓലം...

## (സ്ലീക് ലസ്ലീബോ)

1 ദേവാ മശിഹാ
മാനവരെ സംരക്ഷിപ്പാൻ
താതാത്മഹിതാൽ മറിയാമീ-
ന്നേറ്റൊരു തിരുമെയ്യോടു കൂടി
സ്ലീബായിന്മേൽ നീ-യേറി

2 സ്ലീ-ബാത്തരുവിൽ
ക്രൂശിതനാം ചോരൻ നിന്നെ

ഉടയോനെന്നിഹ കൊണ്ടാടി
നീയാഗതനായീടുമ്പോ-
ളെന്നെയൊർക്കണണെ-ന്നാർത്താൻ

3 ദേവാ മശിഹാ!
രക്ഷയെഴും സ്ലീബായാലും
ജീവദമാം പീഢകളാലും
രക്ഷ നരർക്കരുളീടുകയാൽ
മാനവ വൽസലനെ! സ്തോത്രം.
4 ദേവാ മശിഹാ!
പ്രാണദമാം നിൻ സ്ലീബായാൽ
ദ്വേഷമെഴും ദോഷിയേ വീഴ്ത്തി
പ്പാപത്തിൻ ദാസ്യത്തിൽ നി-
ന്നാദാമ്യരെ നീ രക്ഷിച്ചു.

(മോഹ് നീഗോ വൊസ് ശോസോ)

1 ആ-സമയം ദയനീ-യം!
വിട്ടു-മശിഹാപുരിയൂ-റിശലേം
രോഗങ്ങളെയങ്ങാറ്റിയതിൻ പകരം ത-ന്നെ
ക്രൂശി-ച്ചീടാൻ-കൊണ്ടിഹ പോയീധൃഷ്ടന്മാർ
2 ആ-നാദം ദയനീ-യം!
ഏകാത്മജനോടാകുലപൂർവം
ചൊന്നാൾ മറിയാം വൽസലനെ-പോകുന്നെ-വിടെ
നിന്നെ-യെങ്ങോ-ട്ടവർ കൊണ്ടിഹ പോയീ-ടുന്നു

3 ഹാ! ബഹു മോഹനനാ-ദം!
ജനനിയൊടോതീ ദൈവതനൂജൻ
ജഗതീ രക്ഷക്കായ് ക്രൂശേ-റ്റാദാമി-ന്നായ്
ഓഹരി-യേകാൻ-പോകുന്നേനെൻ മാ-താവെ!

4 ആ-സമയം ദയനീ-യം!
തരുവിന്മീതെ തന്നെ ത്തൂക്കി
മശിഹായെങ്കിലിറങ്ങുക നീ-ഞങ്ങൾ നി-ന്നെ
നമ്പീ-ടാമെ-ന്നാക്ഷേപിച്ചു യൂ-ദന്മാർ

5 ആ-സമയം ദയനീ-യം!
നകരാൻ മശിഹാ ജലമർദ്ധിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും-കാടിയുമേ-കീ
നിൻ നാ-ദത്താൽ - ആഴിയുമാഴവുമങ്ങഞ്ചി
6 തിരു-സഭ സങ്കടപൂർവം
ദേവനൊടർ-ത്ഥിച്ചോതുന്നേവം
ഞങ്ങളെ മഹിത സ്ലീബായാൽ-നീ രക്ഷി-ച്ചു
നിൻ വര-വിങ്കൽ - ഓർത്തീടണമെന്നെ നാഥാ!

7 രക്ഷകനെ! കബറീ-ന്നും
പറുദീസയിലേക്കയിരൊടെറാൻ
പാർക്കുന്ന മൃതർക്കായ് പുണ്യം-നൽകീടണമേ
സാത്താ-നീന്നും-ഞങ്ങളെ വീണ്ടൊരു സ്ലീബായാൽ
ബാറെക്മോർ, ശുബഹോ... മെന ഓലം...

8 ബഹു-മാന്യമഹൽ സ്ലീബാ!
നഷ്ടമതാം പറുദീസായിൽ ഞങ്ങൾ
നിന്നാലേറിടുമെന്നോതി-പ്രണമിച്ചി-ട്ടാ
ക്രൂശേറ്റോനാം-മശിഹായെ-സ്തുതിചെ-യ്യുന്നു

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## പ്രൊമിയോൻ- സെദ്റ

### കോലോ

### കൂക്കോയോ

1 ദൈവതനൂജൻ സ്കീപ്പായിൽ-സ്വയമർപ്പിച്ചേകീ
ലോകാധിപനാം താതൻ തൻതൃക്കൈകളിലാത്മം
കബറുകൾ പൊട്ടീ-പാറകളും ചിതറീ
സൃഷ്ടികളെല്ലാം-സംഭ്രമമതിലാണ്ടു
ദൈവസുതന്റെ വിലാവയ്യോ-കുന്തത്താൽ ചീന്തി
മോചനമുലകത്തിനു നൽകും-ജലവും രക്തമതും
ഹാലേലുയ്യാ-പ്രവഹിച്ചതിൽനിന്നും

2 വെള്ളിയിൽ മുന്തിരിയന്ത്രത്തെ-യൂദന്മാർ നാട്ടി
വീഞ്ഞു കുടിച്ചില്ലവർ വാഴ്‌വിൻ കുലമർദ്ദിച്ചിട്ടും
പാപപ്പിശറാം-കാടി കുടിച്ചയ്യോ
തരുവിന്മീതെ-വാനവ നന്ദനനെ
ക്രൂശിച്ചതിനാൽ യെറുശലേം സന്തതികൾക്കവർതൻ
മേശകൾ കെണിയാമെന്നുള്ളൊരു-നിബിയാം ദാവീദിൻ
ഹാലേലുയ്യാ... വചനം നിറവേറി.
ബാറെക്മോർ, ശുബഹോ... ഹാലേലുയ്യാ...

3 കർത്താവമ്മയൊടും വധുവാം-സഭയൊടും ചൊന്നു
പ്രിയസുതരെന്നോടു ചെയ്തെന്തെ-ന്നീക്ഷിപ്പാൻ വരുവീൻ
അബ്രഹാമ്യർ-തരുവിൽ ക്രൂശിച്ചു
യാക്കോബ്യന്മാർ-താടിച്ചെൻ കവിളിൽ
കുന്തത്താൽ കുത്തീ സ്വഹിതം-പോലെല്ലാം ചെയ്തു
പ്രതിഫലമേകീടാനായ് ഞാനാഗതനാകുമ്പോൾ
ഹാലേലുയ്യാ-കഷ്ടമവർക്കയ്യോ മെന ഓലം... ഹാലേലുയ്യാ...

4 മശിഹാ വാനിൽ നിന്നെത്തി-ത്തരുവിൽ ക്രൂശിതനായ്
യൂദന്മാർ കൊന്നൊരു കൂറ്റൻബലിപീഠേസ്ഥിതനായ്
വന്നേറിടുവിൻ-ജാതികളെ! സഭയേ!
എഴുന്നേൽക്കുക നീ-സെഹ്യോൻ നിപതിച്ചു
ജീവനെഴുന്നൊരപ്പത്തിൻ മേശയതും നിന്നിൽ
കർത്താവിന്റെ വിലാവിൽ നി-ന്നൂറ്റിയ കാസായും

ഹാലേലുയ്യാ... സ്തുതി ചെയ്തീടുന്നു മൊറിയോ റാഹേം...

## എത്രോ ഹൂത്തൊമ്മോ

1. താതൻ തന്നേകാത്മജനാം കർത്താവെ!
ധിക്കരികളിസ്രായേല്ല്യർ-സ്കീപ്പാമേൽ നിന്നെ തൂക്കി
കുന്തമതേറ്റ വിലവിൽ നിന്നൊഴുകീ ശോണിതവും നീരും
ഗോഗുൽത്തായിൽ സ്കീപ്പാമേൽ-ജീവണെഴുന്നോരൂറ്റൊഴുകി
വിശ്വസത്താൽ പതിതന്മാർ-വിഗ്രഹസേവയിൽ നിന്നേ-റി.

2. ഉന്മാദിനിയാം സീയോൻ സുത ഗോഗുൽത്തായിൽ-
ദൈവത്തിൻ സുതനെ തൂക്കി രോഗങ്ങളെയാറ്റുമ്പോൾ തൻ
തലമേൽ വടിയാൽ താടിച്ചു-തുപ്പി തിരുവദനത്തിന്മേൽ
നമ്മെ പറുദീസ്സയിലേറ്റാനാ-നമ്മുടെ ദീന കുലത്തിന്നായ്
അടിയും, കഷ്ടതയും, ദുഷിയും-പരമേറ്റോനായ് സ്തോത്രം
ബാറെക്മോർ, ശുബഹോ...മെന ഓലം...

3. പാരം ശ്രേഷ്ടം പാർത്താൽ തസ്കര വിശ്വാസം
പാണീ പദങ്ങളിലാണിയുമായ് നാഥൻ തരുവിൽതൂങ്ങുമ്പോൾ
എൻപിഴ പോക്കണമെന്നേവം പപവിമോചനമർഥിച്ചാ
ശീമോൻ കണ്ടു നിഷേധിച്ചു - യൂഹാനോൻ നിന്നാനകലെ
നിൻ വരവതിലോർക്കണമെന്നെ - എന്നേവം മോഷ്ടാവാർത്തു
മെന ഓലം...

4. പുണ്യമെഴുന്നോൻ കണ്ടീടും തരുവതി ധന്യം!
സ്ലേമൂൻ നൃപനേവം നമ്മൾ-ക്കെഴുതീ സൃഷ്ടികളോടോതി
സ്കീപ്പൂസായിൻ തരുവിന്മേൽ-ദൈവസുതൻ തന്നെ വിരിച്ചു.
അമ്പൊടണഞ്ഞഖിലം ലിഘിതം-നിറവേറ്റി തന്നെ നമ്പും
വിമല സഭക്കു വിലാപ്പഴുതാൽ-പുണ്യമണച്ചോനേ !
സ്തോത്രം - മൊറിയോറാഹേം...

# അല്ലെങ്കിൽ

1. പിതാവിൽനിന്നുള്ള ഏകജാതനായ കർത്താവെ, / നിഷേധികളായ ഇസ്രായേൽ മക്കൾ / ലജ്ജ കൂടാതെ നിന്നെ സ്കീപ്പായിൽ തൂക്കി, കുന്തം കൊണ്ടു നിന്റെ വിലാവു തുറന്നു / നിന്നിൽനിന്നു രക്തവും വെള്ളവും ഒഴുകി. ഗോഗുൽത്താമേൽ സ്കീപ്പായിൽ ജീവന്റെ ഉറവ ചിന്തി, ജാതികൾ വിശ്വസിച്ചു വിഗ്രഹങ്ങളുടെ വഴി തെറ്റിൽനിന്നു സ്വാതന്ത്ര്യപ്പെട്ടു.

2. സെഹിയോൻ പുത്രി ഭ്രാന്തു പിടിച്ചു / ഗോഗുൽത്താമേൽ സ്ലീബായിൽ ദൈവ പുത്രനെ കുരിശിക്കുകയും / വടികൊണ്ടു തന്റെ തലക്കു അടിക്കുകയും / താൻ അവരുടെ നൊമ്പരങ്ങളെ സൗഖ്യമാക്കിയിരുന്നപ്പോൾ / അവർ തന്റെ മുഖത്തു തുപ്പുകയും ചെയ്തു. നമ്മെ പറുദീസ്സയിലേക്കു തിരിപ്പാൻ / നമ്മുടെ അരിഷ്ട വർഗ്ഗത്തിനു വേണ്ടി / ഇത്രയും കഷ്ടതകളും അടികളും ആക്ഷേപ-ങ്ങളും സഹിച്ചവനു സ്തുതി.

ബാറെക്മോർ, ശുബഹോ...

3. തന്റെ യജമാനൻ തന്റെ കൈകളിലും കാലുകളിലും ആണികളാൽ മരത്തിൻമേൽ തൂങ്ങി കിടക്കുന്നു. തന്നിൽ നിന്നു മോചനത്തെ ചോദിക്കുകയും / ' എന്റെ കുറ്റത്തെ എന്നോടു ക്ഷമിക്കണമേ' എന്നു തന്നോടു അപേക്ഷിക്കുകയും ചെയ്യുന്ന / കള്ളന്റെ വിശ്വാസം വളരെ വലിയതാകുന്നു. തന്നെ കണ്ടു ശീമോൻ തന്നെ തള്ളി പറയുന്നു. യോഹന്നാൻ ദൂരെ നിൽക്കുന്നു കള്ളനോ / ' എന്റെ കർത്തവെ നീ വരുമ്പോൾ / എന്നെ ഓർത്തുകൊള്ളണമേ' എന്നു അട്ടഹസിച്ചു പറയുന്നു.

മെന ഓലം...

4. നീതിമാൻ കാണപ്പെടുന്ന മരം വാഴ്ത്തപ്പെട്ടതാകുന്നു

സ്കീപ്പാ മരത്തിന്മേൽ / ദൈവ പുത്രൻ തന്നെത്തന്നെ
നിവർത്തിയിരിക്കുന്നു എന്നു / സ്ലേമൂൻ രാജാവു നമുക്കു
എഴുതുകയും / സർവ സൃഷ്ടികളോടും പ്രസംഗിക്കുകയും
ചെയ്തിരിക്കുന്നു. തന്റെ അനുഗ്രഹങ്ങളാൽ / താൻ വന്നു
എഴുതപ്പെട്ട സകലവും നിവർത്തി-ക്കുകയും / തന്റെ
വിലാവിലെ ദ്വാരത്താൽ / വിശ്വസ്തയായ പരിശുദ്ധ
സഭ നീതീകരിക്കപ്പെടുകയും ചെയ്തു തനിക്കു സ്തുതി.

മൊറിയോറാഹേം...

## (മാർ അപ്രേം)

കർത്താവെ! കൃപ ചെയ്യണമേ
മഹിതമതാം നിൻ ഹാശായാൽ.
നിൻ ഹാശായിൽ ചേർന്നടിയാർ
നേടണമവകാശം രാജ്യേ
ദേവാ ദയയുണ്ടാകേണം
നാഥാ! കൃപ തോന്നണമൻപാൽ

1. മറിയാം തരു സവിധെ ചെന്നു
ഗോഗുൽത്തായിൽ തല താങ്ങി
സങ്കട ദയനീയധ്വനിയോ-
ടേകാത്മജനെ പ്രതി കേണാൾ
തരുവിൽ തൂക്കിയ സുതനേക്ക-
ണ്ടതി ദുഖം കണ്ണീർ ചീന്തി
ഇടറിയ സങ്കട നാദത്തോ
ടെബ്രായയിലേവം ചൊന്നാൾ
സഖികളുമവളൊപ്പം കേണു
കഷ്ടതയും വ്യഥയും പൂണ്ടു ദേവാ...

2 നിലവിളിയൊടു മറിയാം ചൊന്നാൾ
മൂകപ്രകൃതികളിളകുന്നു
മകനെ! നാലതിരും ചുറ്റി
ത്തിരുവധമെന്ന വിരുന്നിന്നായ്

സകലരെയും ചേർപ്പാൻ നാഥാ!
ഗരുഡത്വമെനിക്കാരേകി?
നിൻ കബറേറ്റത്താലിന്നാൾ
കേഴുന്നേൻ മോദിക്കുന്നേൻ
വിഗതസമൂഹത്താൽ ദുഖം
രക്ഷിതസഭയാലാനന്ദം
നിൻ കല്ലറ മണവറ തുല്യം
മകനെ! നീയതിൽ മണവാളൻ
മൃതി പൂണ്ടോർ തോഴന്മാരായ്
വാനവരൊപ്പം വാ-ഴുന്നു ദേവാ...

3 കേണോതീ മറിയാം ശാന്താ
നിന്നോടാർക്കീ വൈരാഗ്യം
ഉന്മാദിനി സീയോൻ നിന്നിൽ
കണ്ടെന്തിഹ നിൻ സ്കീപ്പാക്കായ്
മിസറേമീന്നവളെ വീണ്ടു
വൻകടൽ തരണം ചെയ്യിച്ചു
സൗഖ്യം രോഗാർത്തർക്കേകീ
പൂർണസുഖം വാതാർത്തർക്കും
ക്രൂശകിയിവകൾക്കായ് പകരം
ദുഷിയും ദുഷ്ടതയും നൽകി
പകരം ജാതികൾ മധ്യേയീ
സംഘത്തെ മഴു ചിതറിക്കും ദേവാ...

4 നിന്നെതൂക്കിയ നഗരത്തിൽ-
ന്യായാധീശൻ വാഴരുതെ
നിൻ സ്ലീബായാം വെണ്മഴുവാ-
ലതു ചുറ്റും ചിതറീടട്ടെ
നിന്നെ വിധിച്ചോരു വിധിനിലയേ-
വിധി നാഥൻ ഇരുന്നീടരുതെ
നീ പിഴയേറ്റൊരു മദ്ബഹായിൽ-
പുണ്യമതുണ്ടായീടരുതെ

നിന്നെ സ്കീപ്പായേല്പിച്ച-
വൈദികനേൽക്കരുതാശ്വാസം
അവനതിവേദന ശാശ്വതമായ്-
നരകത്തിൽ പ്രാപി-ക്കട്ടെ ദേവാ...

5 സൃഷ്ടികളെ! വിലപിച്ചിടുവിൻ
തരുവിൽ തൂക്കിയ നാഥനായ്
നീക്കുക ദിനകര! കതിരുകളെ
നാഥാക്ഷേപം മറവാക്കാൻ
പാതാളസ്ഥരെ ദർശിപ്പാൻ
നിർമ്മാതാവു ഗമിക്കുന്നോ-
രിരുളിൽ താണുദയം ചെയ്ക
ജീവദനെന്നവരോതീടും
നാഥസുതൻ ദുഷിയേല്പതിനാൽ
ഞെട്ടിവിറക്കുക ഭൂതലമെ!
സീയോൻ സുതരാം വൈരികൾ തൻ
നിന്ദയേ വീട്ടുക നിൻ വായിൽ
പതിനായിരമായ് നിഹനിച്ച
വാളെങ്ങിഹ മീഖാ-യേലെ! ദേവാ...

6 എങ്ങിഹ ഗബ്രിയേലെ നിൻ
ജ്വാലാ ഭീകര വൈരാഗ്യം
സ്കീപ്പാമേൽ നാഥൻ നഗ്നൻ
നിൻ ചിറകെന്തിളകുന്നില്ല
പെരുനാളറ്റൊരു സീയോനേ
പ്രതിമന്ദിരമെ! വിലപിക്ക
റൂഹാവാതിൽ മറകീറി
നിന്നെ വെടിഞ്ഞിഹ പൊയ്പ്പോയി
മൂകപ്രകൃതികൾ വാഴ്ത്തീടും
പ്രകൃതിക്കുടയോനേ സ്തോത്രം
തിരുവുള്ളമായ് ഭൗതികർ കുറ്റം
ചാർത്തിയ നാകപതേ! സ്തോത്രം ദേവാ...

7 വാനവുമാഴവുമേൽക്കുമ്പോൾ
തരുവേറ്റോനേ തേ സ്തോത്രം
ഭൂസീമകളെ വഹിക്കുമ്പോൾ
കബറിലമർന്നോനേ സ്തോത്രം
നിൻ സ്ലീബായാൽ രക്ഷിതരാം
സൃഷ്ടികളിൽ നിന്നും സ്തോത്രം
നിൻ പ്രഭയങ്ങു പരന്നതിനാൽ
മൃതലോകം വാഴ്ത്തും നിന്നെ
ആയിരമൊടു പതിനായിരമായ്
സ്തുതി മഹിമകളേകീടുന്നു
സ്തുതി! നിൻ പ്രേഷക താതന്നും
റൂഹ്ക്കുദിശായ്ക്കു നമസ്കാ-രം ദേവാ...

കർത്താവേ! കൃപ ചെയ്യണമേ
മഹിതമതാം നിൻ ഹാശായാൽ
നിൻ ഹാശായിൽ ചേർന്നടിയാർ
നേടണമവകാശം രാജ്യേ
ദേവാ! ദയയുണ്ടാകേണം-നാഥാ!
കൃപ തോന്നണമൻ-പാൽ

## സുമോറോ

തൻ വസ്ത്രമുരിഞ്ഞു ശപ്തർ -
ഭുവനം സംഭ്രമമൊടു മേവി

സെഹിയോൻ തൻ ദുഷ് കൃത്യത്താൽ -
വസുധാധാരം ഭ്രമമണ്ടു
തൻ ഭാരത്തെ താങ്ങീടാൻ
ഗോഗുൽത്താ ക്ലേശിച്ചേറ്റം
ഞങ്ങൾക്കയുളവായൊരു നിൻ- വ്യഥയും
താഴ്ചയുമ-തി ധന്യം

## വായനകൾ

ആദ്യപുസ്തകം 22: 1-14
പുറപ്പാടു 17:8-14, ഏശായാ 52:13-53:12
1 പത്രോസ് 2:19-25, ഗലാത്യർ 2:26-3:14,6:11-18

### ഏവൻഗേലിയോൻ

(പെസ്ഗോമോ)

ഹാ... ഹാ... എന്നാടകളവർ ഭാഗിച്ചു
എന്നങ്കിക്കായ് ചീട്ടിട്ടു ഹാലേലുയ്യാ.
വി. യോഹന്നാൻ 19:31-42

# സ്ലീബാ വന്ദനവ്

ആത്മാ-ക്കളെ രക്ഷിചൊരു
നിൻ സ്ലീബായേ നമിച്ചേ-ങ്ങൾ
ചോ-രനോ-ടൊപ്പം ചൊല്ലുന്നു
മശിഹാ ! യോർക്കേ-ങ്ങളെ നീ വന്നീ-ടുമ്പോൾ

### അല്ലെങ്കിൽ

**Thy - Cross - that saved our souls**
**We adore now O-Lord**
**With that - thief we cry out**
**Christ remember us - when you come - again**

### അല്ലെങ്കിൽ

ഞങ്ങളുടെ ആത്മത്തിനു - അതിനാലെ രക്ഷയുണ്ടായി എന്ന -

സ്ലീബായേ ഞങ്ങൾ കുമ്പിടുന്നു.
മശിഹാ തമ്പുരാനെ! നീ എഴുന്നെള്ളി വരുമ്പോൾ
ഞങ്ങളെയും ഓർക്കണമെന്നു
കള്ളനൊടുകൂടി ഞങ്ങളും ചൊല്ലുന്നു

### അല്ലെങ്കിൽ

സോ-ഗദീ-നാൻ ലെസ്ലീബൊാക്
ദ്-ബേവോ പുറുകോ നോലനപ്ശോ-സാൻ
അം-ഗാ-യോസോ - ഒമറീനാൻ മശീഹോ
എസ്ദ-ക്രൈൻമോ-ദോ-സേ - ആത്ത്

### സ്ലീബായാഘോഷം

### രണ്ടാം പ്രദക്ഷിനം

അരിമത്യാനാട്ടിൽ-ധാർമ്മികനായ് വാണ
യൗസേപ്പെന്നോതും മാനവനേകൻ
മശിഹാ തൻ ഗാത്രം-പ്രാപിപ്പാൻ ചെന്നു
പീലാത്തോസോടാ-യർത്ഥിച്ചേവം
 വിധി നാഥാ! നൽക-ഭാഗ്യമഹാനിധിയാം
 രക്ഷകഗാത്രത്തെ-സംസ്കാരം ചെയ്യട്ടെ...ഞാൻ
അവനെ യൂദന്മാർ-തരുവിന്മേൽ തൂക്കി
ഞാനാമോദിപ്പാ-നതിനെ നൽക.

### അല്ലെങ്കിൽ

**Joseph, hailing from, land of A-rimathea**
**He was one righteous, and venera-ble.**
**Beseeching He came, unto Pi-late's Court**
**Pleading for Jesus' Body Di-vine**
**Body of Savior Most Holy - Treasure**

**Grant thou me Ruler**
**I may bury - Him myself**
**Crucified was He**
**On a Tree by Jews**
**Give it unto me, for my de-light**

## കിഴക്ക് (പ്രാർത്ഥന)

## ( ഏക്ബോ )

കർത്താവെ! നീ ദോഷികളാൽ-
ക്രൂശിന്മേൽ തൂക്കപ്പെട്ടു
പാണികൾ നീ നീട്ടിപ്പാരിൻ
നാലതിരുകൾ കരഗതമാക്കി
നാഥനെ നഗ്നം കണ്ടതിനാൽ
ഗഗനത്തിൽ പകലോൻ മങ്ങീ
പകൽ മധ്യാഹ്നെ നിശയേറി-
ത്തന്നധികാരെ നിലകൊണ്ടു
തരുവിൽ നിൻ ധ്വനി ധരയെയും
വാനിനെയും വിറകൊള്ളിച്ചു
കൃപയാൽ നീ മൃതസമനായി
ഹിതമൊടു നീയുത്ഥിതനായി
ട്ടാദാമിനെയെഴുന്നേല്പിച്ച-
ങ്ങേദനിലേക്കു തിരിച്ചേറ്റി
രക്ഷക! കരുണാ സമ്പന്നാ!
ശ്രേഷ്ഠം നിൻ കൃപ കർത്താ-വെ!

## പെസ്ഗൊമോ

രക്ഷണ പരിചയെനിക്കായ് നീ
നൽകി പറുദീസാ മധ്യേ നട്ടോ-
രേദൻ തന്നിലെ ജീവമരം

സ്ലീബായുടെ ദൃഷ്ടാന്തം താൻ
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം
കുറിയേലായിസ്സോൻ, കുറിയേ... കുറിയേ...

## പടിഞ്ഞാറ് (പ്രാർത്ഥന)
## ( ഏക്ബോ )

മശിഹാ! നീ ഭൂമധ്യത്തിൽ
ക്രൂശിതനായൊരു വേളയതിൽ
ആലയമറ രണ്ടായ് കീറി
നിന്നെ ക്കുരിശിൽ ദർശിച്ചി-
ട്ടൂഴിയുമഖിലം വിറപൂണ്ടു
സംഭ്രമമോടുൽഘോഷിച്ചാൾ
താതന്മാരുടെ ദൈവം നീ
വാഴ്ത്തപ്പെട്ടവനാ-കുന്നു

## പെസ്ഗൊമോ

തൃക്കൈ തുണ ചെയ്തെന്നെ വളർത്തും നിൻ ശിക്ഷ
മൃതിയിൽ നിന്നിസഹാക്കിനെ സം-
രക്ഷിച്ചോരജപോതത്തെ
സംദാനം ചെയ്തൊരു തരു ഭൂ-
സീമകളെപ്പരിരക്ഷിപ്പാൻ
തൂക്കപ്പെട്ടൊരു കുഞ്ഞാടിൻ
സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാ ദിവസത്തിൽ
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം

കുറിയേലായിസ്സോൻ...കുറിയേ...കുറിയേ...

## വടക്ക് (പ്രാർത്ഥന)

## ( ഏക്ബോ )

കർത്താവെ നീ ഞങ്ങൾക്കായ്-
ഗോഗുൽത്തായിൻ മൗലിയതിൽ
തിരുവുള്ളത്താൽ നിന്ദിതമാം
കുരിശിൽ കഷ്ടത ഭരമേറ്റു
ആർത്തിയെഴും ഭീഷകമൃതിയിൻ
ദംഷ്ട്രയേ നീ നിപതിപ്പിച്ചു
പാതാളത്തിലകപ്പെട്ടോർ-
ക്കേകീ ബന്ധനമുക്തിയെ നീ
തന്മൂലം വിജയധ്വനിയോ
ടാത്മീയമതാം ഗാനങ്ങൾ
എന്നിവ സഹിതം തിരുസവിധെ
കൂപ്പി നമിച്ചീടുന്നെങ്ങൾ

## പെസ്ഗൊമോ

കുത്തിമുറിക്കും ശത്രുക്കളെ നിന്നാൽ ഞങ്ങൾ
യാക്കോബാമജപാലനവൻ
തഴുകി വണങ്ങിയതാം ദണ്ഡം
മശിഹായാം നമ്മുടെയിടയൻ
മൃതിയെ വണങ്ങിക്കൊലചെയ്തു
പാതാളത്തെ ധൂളിച്ച
സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാ ദിവസത്തിൽ
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം
കുറിയേലായിസ്സോൻ...കുറിയേ...കുറിയേ...

## തെക്ക് (പ്രാർത്ഥന)
## (എക്ബോ )

ജളതയെഴും യൂദന്മാരാൽ-
ഗോഗുൽത്തായിൽ ക്രൂശിതനായി
ജീവപ്രദമാം സ്ലീബായാൽ-
ഞങ്ങളെ രക്ഷിച്ചോൻ ധന്യൻ
നീ ആഗതനായീടുമ്പോൾ-
ഞങ്ങളെ ഓർക്കണമെന്നേവം
ചോരനൊടൊന്നിച്ചുൽഘോഷി-
ച്ചെപ്പോഴും കൂപ്പുന്നടി-യാർ

## പെസ്ഗൊമോ

ശത്രുക്കളെ നീക്കിക്കാത്തെങ്ങളെ നീ
നീതിപരൻ നോഹിൻ കാല-
ത്തുലകത്തിനു ജീവിത ശിഷ്ടം
സംരക്ഷിച്ചൊരാ നൗക-
നവ ജീവനസുവിശേഷത്തെ
ലോകത്തിനു പരമരുളിയതാം-
സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാ ദിവസ്സത്തിൽ-
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു-
നാമും ചേർന്നോതീടേണം
കുറിയേലായിസ്സോൻ, കുറിയേ... കുറിയേ...

## കിഴക്ക്

ദൂതന്മാർ-സേവിപ്പോനേ!
ഈശാ! നീ പരിശുദ്ധൻ

ക്രോബേന്മാർ-വാഴ്ത്തുന്നോനേ!
ശക്താ! നീ പരിശുദ്ധൻ

സ്രാപ്പികൾ കാ-ദീശാർപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ
വിശ്വാസിനിയാം തിരുസഭ തൻ-സുതരർത്ഥിക്കുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം

## പടിഞ്ഞാറ്

തീമയർ ഹാ-ലൽ ചൊൽവോനേ!
ഈശാ! നീ പരിശുദ്ധൻ

ആത്മീയർ-ശ്ലാഘിപ്പോനേ!
ശക്താ! നീ പരിശുദ്ധൻ

മണ്മയരാ-ഘോഷിപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ

പാപികളനുതാപത്തോടർത്ഥിച്ചോതുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം

## വടക്ക്

മേലുള്ളോർ-മാനിപ്പോനേ!
ഈശാ! നീ പരിശുദ്ധൻ
മധ്യമർ കീർ-ത്തിക്കുന്നോനേ!
ശക്താ! നീ പരിശുദ്ധൻ

കീഴുള്ളോർ-കൂപ്പുന്നോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ

വിശ്വാസിനിയാം തിരുസഭ തൻ-സുതരർത്ഥിക്കുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപ ചെയ്യേണം

## തെക്ക്

നാഥാ! കൃ-പ ചെയ്തീടണമേ
നാഥാ! കൃ-പ ചെയ്യുക കനിവാൽ

നാഥാ കർമ്മാർഥനകളെ നീ-
കൈക്കൊണ്ടും കൃപ-ചെയ്തീടേണം
സ്തോത്രം തേ-ദേവേശാ!
സ്തോത്രം തേ-സ്രഷ്ടാവെ-
പാപികളാം ദാസരിലലിയും
മശിഹാ-രാജാ-വേ സ്തോത്രം ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

## കബറടക്കം

യൗസേപ്പൊടു നിക്കോദീമൊസ്-
തരുവീന്നും നിന്നെയിറക്കി
പ്രാണൻ ഗൂഢമിരിക്കുമ്പോൾ
മൃതനെപ്പോൽ നിന്നെയേന്തി
അൽവായും മൂറും പൂശി-
ക്ക്ഷേത്താനപ്പട്ടിൽ ചുറ്റി
പുതിയൊരു കല്ലറയിൽ വച്ചു-
ശിലയാൽ വാതിൽ ബന്ധിച്ചു

സൃഷ്ടികളഖിലം നിൻ മൃതിയിൽ-
സന്താപത്തൊടു വിലപിച്ചു
സ്വഹിതാൽ മൃതനാമുയിരോലും-
നിന്നെ മൃതന്മാർ വന്ദിച്ചു
ഞങ്ങൾക്കായുളവായൊരു നിൻ-
വ്യഥയും താഴ്ച്ചയുമതിധന്യം

## കബറടക്കശേഷം

കബറിലുറങ്ങും ഹതരെപ്പോൽ-ഹാ-ഹാ
മൃതരുടെ മദ്ധ്യേ-സ്വാ-തന്ത്ര്യസുതൻ
മൃതി നിഴലും കൂരിരുളുമെഴും-ഹാ-ഹാ
പടുകുഴിയിൽ ചേർത്താ-നെന്നെ നീ.

മൃതരായോർക്കായ് നീ ചെയ്താശ്ചര്യങ്ങൾ ഹാ-ഹാ
വീരന്മാരെഴുന്നേറ്റങ്ങെ-വാഴ്ത്തീടും.
നിൻ കൃപയേ കല്ലറവാസികളും ഹാ-ഹാ
നിൻവിശ്വസത്തെപ്പാഴായോരും-വർണിക്കും

ബാറെക്മോർ, ശുബഹോ...മെന ഓലം...

## ഏക്ബോ

മൃതരുടെ മാതാവാം പാതാളത്തിൽ
രാജതനൂജനിറങ്ങിച്ചെന്നു
ശൂന്യതയെഴുമവളെ നിർമ്മൂലം വീഴ്ത്തി
ട്ടുൾക്കോട്ടകളെല്ലാം ഭഞ്ജിച്ചു.
സത്തമശീലൻ മരണക്കോയ്മയെ നീക്കംചെയ്തു
കോശത്തേയും കൊട്ടാരങ്ങളെയും ശൂന്യമതാക്കി
വന്നേൻ കല്പന ലംഘിച്ചോനാദാമിൻ പേർക്കായ്
എൻസവിധം ചേരുവിനെന്നേവം മൃതരോടോതി
വിശ്വാസികളാം നാമേവരുമേവം മോദത്തൊടുൽഘോഷിക്കേണം

ആശ്ച്ചര്യങ്ങളെ മൃതരായോർക്കായ് നീ ചെയ്യുന്നു
വീരന്മാരെഴുന്നേറ്റങ്ങെ സ്തുതി ചെയ്തീടും
സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

## പ്രൊമിയോൻ

1 ജീവമയൻ മൃതലോകം പൂ-ക്കൽഘോഷിച്ചാൻ
പുനരുജ്ജീവനമുത്ഥാനം കടമോചനമിവയേ
പാതാളത്തിൻ വാതിൽ തകർ-ത്തോടാമ്പലൊടി
ച്ചാമൃതിതന്നധികാരത്തൊടു ജയവും മായിച്ചു
മരണത്തെ ജീവിപ്പിച്ചവനെ!
നിദ്രയൊഴി-ച്ചോനേ! നീ ധന്യൻ
കബറാൽജീവൻ തന്നവനെ കൃപയാൽ വാഴ്വരുൾക.
ബാറെക്മോർ. .ശുബഹോ. . . മെന ഓലം.

2 മൃതലോകം പൂകിയ ദാവീ-ദാത്മജനാകും
രാജാവിന്നാൾപ്പേരായ് ദാ-വീദോ-തീടുന്നു
പാതാളത്തിന്നുയിരെത്തീ-യെന്നുടെയാത്മം
ക്രൂശകരീന്നും ദുഷിയേറ്റു-കുഴിയാ-ർന്നോരൊപ്പം
എണ്ണപ്പെ-ട്ടേൻ പാതാളസ്ഥർ-
ക്കുയിരും മോ-ചനവും ഞാൻ നൽകും
ഉയിരാർന്നുയിർ ഞാനേകും ക്രൂശകർ ലജ്ജിതരാകും
മൊറിയോറാഹേം...

## മാർ യാക്കോബ്

മശിഹാ സ്കീ-പ്പാ മൃതി കഷ്ടതകൾക്കായ്-വന്നോനേ!
പ്രാർത്ഥന കേ-ട്ടിടാത്മാക്കളിലൻപുണ്ടാ-കേണം
+ദേവാ ദയയുണ്ടാകേണം-നാഥാ! കൃപതോന്നണ-മൻപാൽ

1 ദാസ്യത്തിൽ രക്ഷകനെപ്പോൽ മൃതസവിധം പൂണ്ടാൻ
ഭീയാർന്നു ഭീകര ഭൂതം-തൻ ദാസ്യം-നീക്കി
ബദ്ധന്മാരുടെ തുടലും തലയും പാടെ പോക്കി

വീണ്ടീടാൻ വന്നൊരു രക്ഷകനെ-യവർ വന്ദിച്ചു +ദേവാ...

2 പാതാളത്തിൻ നിലയേ മരുവും വാങ്ങിപ്പോയോർ
കൊണ്ടർപ്പിച്ചാർ നതിമഹിമകൾ തൻ-മകുടങ്ങൾ താൻ
ആദ്യം ഹതനാം ഹാബേൽ തന്മുൻപിൽ കുമ്പിട്ടു
വർഗ്ഗങ്ങൾക്കെല്ലാം തലയായോ-നാദാം-താനും +ദേവാ...

3 നോഹിൻ വീടും സുന്ദരശേത്തൊത്തബറാഹാമും
രക്ഷിപ്പാൻ വന്നോരുയിരോനേ-മോദാൽ കൂപ്പി
നീതിജ്ഞന്മാർ പിതൃതതി ജാതിത്തലവന്മാരും
ആചാര്യന്മാർ നൃപരും വന്നാമോദാൽ കൂപ്പി +ദേവാ..

4 മൂശാ നിബിയും നിബിസഞ്ചയമങ്ങഹരോൻ താനും
ലേവ്യന്മാരും പട്ടക്കാരും തന്നേക്കൂപ്പി
വാഞ്ച്ഛരിച്ചാർ നെടുനാളായി തന്നെ ദർശിച്ചീടാൻ
ദർശിച്ചപ്പോൾ നതിയും സ്തുതിയും-പകരം നൽകി +ദേവാ...

5 സ്തോത്രം താതാ! മൃതലോകെ സുതനെ-വിട്ടോനേ
തൽ ഗേഹം പൂണ്ടൊരു സുതനെ-വന്ദിച്ചീ-ടുന്നു
ആശ്വാസകനാം ജീവപ്രദനെ! റൂഹാ സ്തോത്രം
കബറീന്നും പറുദീസായിൽ ചേർപ്പോനേ സ്തുതി തേ +ദേവാ...

നാഥാ! ഭൂവാനം നിൻ പീഢയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു +ദേവാ...

## മാലാഖമാരുടെ സ്തുതിപ്പു

അത്യുന്നതങ്ങളിൽ മാലാഖമാരും പ്രധാന മാലാഖമാരും
സ്തുതിക്കുന്നതുപോലെ / ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ചു
പറയുന്നു.

എല്ലാ കാലത്തും എല്ലാ നേരത്തും / ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും / ഭൂമിയിൽ സമാധാനവും നിരപ്പും / മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവശക്തിയുള്ള പിതാവും / സ്വർഗ്ഗാധിപതിയും സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവെ നിന്നെയും /
യേശുമശിഹായായ ഏകപുത്രനായിരിക്കുന്ന ദൈവമായ കർത്താവെ! വിശുദ്ധ റൂഹായൊടു കൂടെ നിന്നെയും / നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും / ലോകത്തിന്റെ പാപത്തെ വഹിച്ചവനും / വഹിക്കുന്നവനുമായ ദൈവത്തിന്റെ കുഞ്ഞാടായുള്ളോവെ ! / ഞങ്ങളോടു കരുണ ചെയ്യണമേ.

ലോകത്തിന്റെ പാപത്തെ വഹിച്ചവനും വഹിക്കു-ന്നവനുമായുള്ളോവെ! / നിന്റെ ചെവി ചായിച്ചു ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ.

പിതാവിന്റെ വലതുഭാഗത്തു മഹത്വത്തൊടു കൂടി ഇരിക്കുന്നവനെ! / ദയവുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. / പിതാവായ ദൈവത്തിന്റെ മഹത്വത്തിനു / വിശുദ്ധ റൂഹായൊടുകൂടെ / യേശുമശിഹായായ നീ മാത്രം കർത്താവുമാകുന്നു. ആമ്മീൻ

എല്ല കാലത്തും / ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും നിന്നെ വാഴ്ത്തുകയും / എന്നേക്കും വാഴ്ത്തപ്പെട്ടതും / നിത്യതയുള്ളതുമായ / നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ ശക്തിയുള്ള കർത്താവെ! /

നീ വാഴ്ത്തപ്പെട്ടവനാകുന്നു നിന്റെ തിരുനാമം മഹത്വമുള്ളതും, /
നീ എന്നെന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ള-വനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു / മഹത്വം നിനക്കു യുക്തമാകുന്നു /
സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവുമായവനെ ! / നിനക്കും,
ഏക പുത്രനും /ജീവനുള്ള വിശുദ്ധ റൂഹായിക്കും പുകഴ്ച്ച ചേർച്ചയാകുന്നു.
അതു ഇപ്പൊഴും എല്ലാ സമയത്തും എന്നെന്നേക്കും തന്നെ. ആമ്മീൻ.

## മോറാൻ യേശുമശിഹാ

ഞങ്ങളുടെ കർത്താവേശുമശിഹാ നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ
മുൻപിൽ നീ അടക്കരുതേ, കർത്തവെ! ഞങ്ങൾ പാപികളാകുന്നു എന്നു ഏറ്റു
പറയുന്നു, ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവെ! നിന്റെ മരണത്താൽ / ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ടു
/ നിന്റെ സ്നേഹം നിന്റെ പക്കൽ നിന്നു / ഞങ്ങളുടെ അടുക്കലേക്കു നിന്നെ
ഇറക്കി / ഞങ്ങ-ളോടു കരുണ ചെയ്യണമേ.

## (കൗമാ)

ദൈവമെ നീ പരിശുദ്ധനാകുന്നു...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

## വിശ്വാസപ്രമാണം

സർവ്വ ശക്തിയുള്ള പിതാവായി / ആകാശത്തിന്റെയും ഭൂമിയുടെയും /
കാണപ്പെടുന്നവയും കാണപ്പെടാ-ത്തവയുമായ / സകലത്തിന്റെയും
സ്രഷ്ടാവായ / സത്യ ഏക ദൈവത്തിൽ / ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും / സർവ്വലോകങ്ങൾക്കും മുൻപായി /
പിതാവിൽനിന്നു ജനിച്ചവനും / പ്രകാശത്തിൽ നിന്നുള്ള പ്രകാശവും /
സത്യ ദൈവത്തിൽനിന്നുള്ള സത്യദൈവവും / ജനിച്ചവനും
സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനൊടു ഒന്നായി-രിക്കുന്നവനും /
സകല സൃഷ്ടിക്കും മുഖാന്തിരമായവനും / മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ
രക്ഷക്കും വെണ്ടി / തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽനിന്നിറങ്ങി /

വിശുദ്ധ റൂഹാമൂലം / ദൈവമാതാവായ കന്യകമറിയാമിൽനിന്നു/ ശരീരിയായിത്തീർന്നു. മനുഷ്യനായി / പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടു/ കഷ്ടത അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു / മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റവനും സ്വർഗ്ഗത്തിലേക്കുകരേറി തന്റെ പിതാവിന്റെ വലതുഭാഗത്തു ഇരുന്നവനും / ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ / തന്റെ വലിയമഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും / തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ / യേശു മശിഹാ ആയ ഏക കർത്താവിലും / ഞങ്ങൾ വിശ്വസിക്കുന്നു,

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും / പിതാവിൽനിന്നു പുറപ്പെട്ടു, പിതാവിനൊടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും / നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായ / ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും / കാതോലികവും ശ്ലൈഹീകവുമായ ഏക വിശുദ്ധ സഭയിലും / ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ / ഒരിക്കൽ മാത്രമെയുള്ളു എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു / മരിച്ചു പോയവരുടെ ഉയിർപ്പിനും / വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി / ഞങ്ങൾ / നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ, സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ,
കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ

## കുക്കിലിയോൻ

+മൃതിയാ-ലടിയാരുടെ മൃതിപോ-ക്കിയ മശിഹാ!
മൃതരാ-യോർക്കയിരും ഞങ്ങൾ-ക്കരുൾ കൃപയും (3 തവണ)

## അല്ലെങ്കിൽ

+തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മശിഹാ,
ഞങ്ങളുടെ മരിച്ചവരെ ജീവിപ്പിച്ചു ഞങ്ങളോടു കരുണ ചെയ്യണമേ.

നാഥാ തേ! സ്തുതിയും...

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

**St. Dionysius Indian Orthodox Church**
Auckland, New Zealand
Email: stdionysius@hotmail.com
Web Site: https://www.sdiocnz.org